FILING OF AN APPEAL IN THE ANJIKAIMAL DISTRICT COURT— DETAILS REGARDING

10. മിസ്റ്റർ കെ. എ. രാഘവൻ . താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.

(എ) അഞ്ചിക്കയും ഡിസ്ട്രിക്ട് കോടതിയിലെ എ. എസ്സ്. നം ൭/൫൦ നമ്പർ അപ്പീൽകേസ് എന്നാണ് ഫയൽചെയ്തത്;

(ബി) ആ കേസ് വിധിപ്രസ്താവിച്ചു കഴിഞ്ഞുവോ;

(സി) അതൊക്കെയായിരുന്ന ആ കേസ്സിലെ വക്കീലന്മാർ;

(ഡി) ഫറവറ മീനത്തിലൊ കർക്കടകത്തിലൊ ഈ കേസ്സിന്റെ വിചാരണ വച്ചീരുന്നുവോ;

(ഇ) ഉണ്ടെങ്കിൽ എന്നെല്ലാം;

(എഫ്) ആ വിചാരണ ദിവസങ്ങളിൽ എന്നെങ്കിലും വിചാരണ നടക്കാതെ വന്നിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിനുള്ള ഹേതു എന്ത്;

(എച്ച്) ഈ വിചാരണ ദിവസങ്ങളിൽ വക്കീലന്മാർ തമ്മിൽ കോടതിയെധരിപ്പിച്ചിരുന്ന വസ്തുതകളുടെ വൈരുദ്ധ്യം സംബന്ധിച്ചു കോടതി ആ വിവരങ്ങൾ കേസ് റിക്കാർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ കോടതി രേഖപ്പെടുത്തിയിട്ടുള്ള ആ വസ്തുതാവിവരണം അനുബന്ധമായി ചേർക്കാമോ;

(ജെ) അതിനെപ്പറ്റി പ്രൊഫഷണൽ മിസ്കോൺഡക്ടിനായി അതിനു ഉത്തരവാദിയായ വക്കീലിന്റെ പേരിൽ കോടതി നടപടി എടുക്കുകയൊ പ്രസക്തമായ രേഖകൾ ഹൈക്കോടതിയിലേക്കൊ ബാർ കൌൺസിലേക്കോ റഫർചെയ്യുകയൊ ഉണ്ടായോ;

(കെ) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എൽ) ഈ വസ്തുതാവിവരണം രേഖപ്പെടുത്തിയിട്ടുള്ള ജഡ്ജി ആരാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) അഞ്ചിക്കയും ഡിസ്ട്രിക്ട് കോടതിയിൽ ഫറവ ൦൨൦മാണ്ട് എ. എസ്സ്. നം ൭/൫൦ എന്ന നമ്പരിൽ ഒരു അപ്പീൽ കേസ് ഫയൽ ചെയ്യുക ഉണ്ടായിട്ടില്ല.

(ബി), (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്), (ഐ), (ജെ), (കെ) & (എൽ) ഉത്തരം ആവശ്യമില്ല.

3. CONGRATULATORY MOTION ON GRANT OF FULL RESPONSIBLE GOVERNMENT

Mr. K. A. Raghavan *(Nominated)*: *This Council places on record its deep sense of gratitude and the gratitude of the people of Cochin to His Highness Sri Kerala Varma, our beloved Maharaja, in having graciously granted full responsible Government to people of the State with the dawn of independence for India.*

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I rise on a point of order.

Mr. President: The Hon'ble Member is already on his legs. Why didn't you raise the point of order earlier ?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: On a point of information, Sir, I would like to know whether the motion before the House is one that complies with the provisions of our Rules and Standing Orders as pertaining to His Highness the Maharaja.

Mr. Parambi Lonappen *(Irinjalakkuda)*: Let us see what the motion is.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I have already read it.

Mr. President: What is the point of order of the Hon'ble Member ?

Mr. Parambi Lonappen *(Irinjalakkuda)*: What is the motion Sir.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: The motion is on the Agenda.

Mr. President: The motion has been communicated to the Hon'ble Members.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: As far as any communication to His Highness, in any shape or form is concerned it Sir, is to take the form of an address to His Highness complying with certain provisions.

Mr. President: Does this resolution contemplate a communication to be made to His Highness, is that the Hon'ble Member's contention ?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Otherwise it is an infructuous motion Sir. The expression of gratitude of the members unless it is communicated respectfully and humbly to His Highness, the motion loses all its force, significance and purpose. Therefore though not said in so many express words, it is in effect, Sir, a matter to be communicated respectfully to His Highness in the form of an address for which there are provisions to be complied with and when they are complied with it will be happier, it will be more proper and it will be more becoming of this House and also of the high position that the granter of the so-called complete resposible Government occupies.

Mr. President: Has the Hon'ble Constitutional Adviser to say anything about the point of order raised ? Have not there been very many precedents when motions congratulating His Highness and felicitating Him were moved in this House and passed?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Yes Sir, on the ascension of any particular Ruler on the Throne this House used to do so. They had been motions which are completely distinct and different from the one under consideration.

Mr. President: Have there not been motions not only on ascensions but on other occasions also?

Mr. Parambi Lonappen *(Irinjalakkuda)*: There were many.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I don't want to say one way or the other to that query, but even if that is so, Sir, it is a bad precedent, let it not be repeated and a bad precedent developed and developed till it becomes something which I don't want to say.

Mr. M. Sivarama Menon *(Constitutional-Adviser)*: I think the Hon'ble Member is referring to the Standing Order which says.—

"Commnnications from the Council to the Government shall be made by formal address, after motion made and carried in the Council and through the President". I think that is the rule the Hon'ble Member had in mind.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Yes, that was in my mind.

Mr. M. Sivarama Menon *(Constitutional-Adviser)*: So it may be added that the resolution may be communicated by a formal address through the Hon'ble President.

Mr. President: So what is the conclusion?

Mr. M. Sivarama Menon *(Constitutional-Adviser)*: If the Hon'ble mover is pleased to add to the resolution that it may be communicated to His Highness the Maharaja as a formal address through the Hon'ble President, it will be in order.

Mr. President: If that is not added, what is the defect?

Mr. M. Sivarama Menon *(Constitutional-Adviser)*: The resolution will be recorded. We cannot proceed further. There must be a purpose in a motion. It will be an infructuous discussion without any communication being sent to the proper authority.

Mr. President: If this addition is made that it may be communicated by a formal address through the President the resolution is in order. Is that the view?

Mr. M. Sivarama Menon *(Constitutional-Adviser)*: Yes, Sir.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I only pointed out that the motion as it stands is perfectly out of order. That is my point in pressing the point of order.

Mr. President: Is it necessary therefore that this should be added, that the resolution may be communicated ? If that is so, yes, it may be done.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I would only add Sir, that discretion is the better part of valour.

Mr. K. A. Raghavan *(Nominated)*: Sir, that may be added.

Mr. President: Yes, it will be added. And on the precedent in this House, the resolution is perfectly in order.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. രാഘവൻ: സർ, ഭാരതത്തിലെ പുണ്യതീർത്ഥങ്ങളായ ഗംഗ, യമുനാ നദികളെ ജയിക്കുന്ന പുണ്യസമ്പത്തു, ഭാരതമാതാവിന്റെ ചൂഡാരത്നമായ ഹിമാലയശിഖരത്തെ അധഃകരിക്കുന്ന ഔന്നത്യം, ആ ഗിരിശിഖരങ്ങളെ ആവരണംചെയ്യുന്ന ഹിമകണങ്ങളെ തോല്പിക്കുന്ന വെണ്മയേറിയ യശസ്സു്, ഇതെല്ലാമാണു് നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യം സമ്പാദിച്ച ആ വിദഗ്ധശില്പിയുടെ സ്മരണയിൽ, മഹാത്മാഗാന്ധിയുടെ നാമോച്ചാരണത്തിൽ നിന്നു്, ഉയർന്നൊന്തിവരുന്നതു്. സ്നേഹംകൊണ്ടു വൈരത്തെ ജയിക്കുവാൻ ഉപദേശിച്ച ആചാര്യന്മാർ പൌരസ്ത്യദേശത്തു ഇതിനുമുമ്പും അനേകം അവതരിച്ചിട്ടുണ്ടു്. മർദ്ദനങ്ങളെ സഹനബുദ്ധികൊണ്ടു് എതിരിടുവാനുള്ള ശിക്ഷണവും നമുക്കു് ലഭിച്ചിട്ടുണ്ടു്. എന്നാൽ ലോകവ്യാപിയും ബലിഷ്ഠവുമായ ഒരു സാമ്രാജ്യത്തിന്റെ ജയസാധകങ്ങളായ വാളും പീരങ്കിയും നിരായുധനായ ഒരു കർമ്മയോഗിയുടെ അതുലമായ ആത്മീയശക്തിയുടെ മുമ്പിൽ നിസ്തേജിതങ്ങളായി, നിവ്വീര്യങ്ങളായി നിലംപതിക്കുന്ന മഹാത്ഭുതം, ലോകം കാണുന്നതു ഇപ്പോഴാണു്. അതിന്റെ സാക്ഷികൾ, മഹാത്മജിയുടെ സമകാലീനന്മാരായി, ഈ ഇരുപതാംനൂറ്റാണ്ടിൽ ജീവിക്കുന്ന നാമാകുന്നു. പരതന്ത്രന്മാരായ പൂർവ്വികന്മാർക്കു് അനുഭവിക്കുവാൻ കഴിയാത്ത ഒരു അസുലഭ ഭാഗ്യമാണു് ഫെബ്രുവരി ആഗസ്റ്റു് ഫെബ്രുവരി-മാർച്ചു് മുതൽ മഹാത്മാവിന്റെ ദായാദന്മാരായ മുപ്പത്തുമുക്കോടി, അല്ലെങ്കിൽ മുപ്പതു കോടിയോളം വരുന്ന ഇന്നത്തെ തലമുറ അനുഭവിച്ചുവരുന്നതു്.

പ്രകൃതിയിൽ നാം കാണുന്ന മംഗല്യദായകങ്ങളായ ശക്തികൾ പോലെ—കാറ്റും വെയിലും, വർഷവും പോലെ—ആ, തപോവിജയം എല്ലാവരേയും—അവഹേളിക്കുന്നവരേയും അഭിനന്ദിക്കുന്നവരേയും—ഒരുപോലെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

സാമ്രാജ്യദാസ്യത്തിന്റെ കാർമ്മേഘനിരകൾനീങ്ങി സ്വാതന്ത്ര്യത്തിന്റെപൊൻകതിരുകൾ പരക്കാണ്ടു് അനുഗൃഹീതമായ ഈ അന്തരീക്ഷത്തിൽ, ഗാന്ധീയസിദ്ധാന്തങ്ങളുടെ ചൈതന്യദീപ്തിയിൽ ഉടലെടുത്ത ഉത്തരവാദഭരണപ്രസ്ഥാനം ഇന്ത്യയിലെ അവശേഷിച്ചിലപ്രദേശം നാട്ടുരാജ്യങ്ങളിൽ പല പല പടിയിൽ എത്തിനില്ക്കുന്നതായും ഒട്ടും എത്താതേയുമായി നാം കാണുന്നു. സ്വതന്ത്രഭാരതത്തിന്റെ അന്തരംഗത്തിൽനിന്നു പുറപ്പെട്ട ആഹ്വാനത്തെ യഥാർഹമായ ശ്രദ്ധയോടും ആദരവോടുംകൂടി കേൾക്കുകയും, അനുസരിക്കുകയും ചെയ്ത സാമന്തരാജാക്കന്മാരിൽ അദ്വിതീയമായ സ്ഥാനം വഹിക്കുന്ന ത്യാഗവീരനായ ഒരു മഹാരാജാവു് ഭരിക്കുന്ന കൊച്ചിയിൽ ജീവിക്കുകയെന്നതു് ലോകവന്ദ്യനായ മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്വതന്ത്രഭാരതത്തിൽ ജനിക്കുന്നതുപോലെതന്നെ അഭിമാനാവഹമാണു്. ബ്രിട്ടീഷ് ചക്രവർത്തിയുടെ മുടിയിൽ ചൂടുന്ന കിരീടത്തിൽ ഭാരതത്തെപ്പോലെ ഇത്ര വിലയും, ശോഭയും തികഞ്ഞ രത്നം ഇല്ല. ഈ അനർഘമായ രത്നം, അടർന്നുപോയ കിരീടം, കാലജ്ഞനായ ആംഗ്ലേയസാർവ്വഭൌമനു ഇന്നും മകുടാലങ്കാരം തന്നെയാണു്.

ഇതിനു എത്രയോ ശതാബ്ദങ്ങൾക്കുമുമ്പുതന്നെ പ്രജാഹിതം പാലിക്കുന്ന അനർഘ്യനാമാക്കളായ ബ്രിട്ടീഷ് രാജാക്കന്മാർ പ്രജകൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ കയ്യിൽ ഭരണം കയ്യേല്പിച്ചുകൊടുത്തു. ആ മാതൃക ബ്രിട്ടീഷിന്ത്യയിൽ പകർന്നിട്ടു അനേകം ആണ്ടുകളായി.

"Reforms retarded are the causes of Revolution" എന്ന രാജ്യമീമാംസയിലെ അനിഷേദ്ധ്യമായ, അത്ഥനിർഭരമായ, തത്വത്തെ മുൻനിർത്തിയും, കാലത്തിന്റെ നിർദ്ദേശങ്ങളെ അവജ്ഞാപൂർവ്വം ധിക്കരിക്കാതെ വേണ്ട ത്യാഗങ്ങൾ ആചരിച്ചും, രാജ്യക്ഷേമം പുലർത്തുന്ന അധീശകോയ്മയുടെ ജീവൽ മാതൃകയ്ക്കു അവർ നല്കിയ ചിരസ്മരണീയമായ രാഷ്ട്രീയപ്രബോധനത്തിനും; എന്നല്ല, അടുത്തുകിടക്കുന്ന ബ്രിട്ടീഷിന്ത്യയിൽനിന്നും, അകന്നകിടക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽനിന്നും, ഇങ്ങോട്ടു ഇരമ്പിക്കയറുന്ന രാഷ്ട്രീയ പ്രക്ഷോഭണത്തിന്റെ അലർച്ചകൾക്കുപോലും, കണ്ണുതുറപ്പിക്കുവാൻ കഴിയാത്ത, എത്രയെത്ര രാജാക്കന്മാരേയാണു് ഇന്ത്യയുടെ Political museum എന്നുപറയാവുന്ന നാട്ടുരാജ്യങ്ങളിൽ നാം കാണുന്നതു്. തിരുവിതാംകൂറിൽ ഇന്നലെവരെ നടന്നിരുന്ന സമരവും, മർദ്ദനപരിപാടിയും, അതുപോലെ ഹൈദ്രബാദിലും, മൈസൂറിലും, രാജാവും പ്രജകളുംതമ്മിൽ നടക്കുന്ന ഭീകരമായ കലാപവും ഉദ്ദേശപൂർവ്വമല്ലാതെ ഹൃദയമുള്ളവർ എങ്ങിനെ സ്മരിക്കും? നിരപരാധികളായ എത്ര ജനങ്ങളുടെ രക്തമൊഴുകുന്ന രണനദിയിൽക്കൂടിയാണു് ഈ സഹോദരസംസ്ഥാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Raghavan-]

ഉത്തരവാദഭരണമാകുന്ന ലക്ഷ്യത്തിലേയ്ക്ക് ഇപ്പോഴും യാത്ര തുടർന്നുകൊണ്ടിരിക്കുന്നതു്? പ്രജാഹിതവും, അധികാരമദവും തമ്മിൽ നടക്കുന്ന ഈ നീണ്ട പോരാട്ടത്തിൽ ഇനിയും, എത്ര സ്ത്രീകളും, പുരുഷന്മാരും, കുട്ടികളും ആത്മാഹുതി ചെയ്യേണ്ടിവരുമെന്നു് ആർക്കു ദീർഘദർശനം ചെയ്യുവാൻ കഴിയും?

രാജാധികാരത്തെ രാജകൊട്ടാരത്തിൽനിന്നും അന്തഃപുരത്തിൽനിന്നും ഇറക്കി പ്രജാമണ്ഡലത്തിന്റെ നിമ്നഭൂമിയിലേയ്ക്കു തിരിച്ചു ഒഴുക്കിക്കൊണ്ടുവരുവാൻ ഉഗ്രവ്രതം ദീക്ഷിക്കുന്ന നവീനഭഗീരഥന്മാർ ആ രാജ്യങ്ങളിൽ ഇല്ലാഞ്ഞിട്ടല്ല, അവിടത്തെ നേതാക്കന്മാർ സമരപ്രിയന്മാരായിട്ടല്ല, ഈ സ്വതന്ത്രഭാരതത്തിലെ ധൂമകേതുക്കൾപോലെ അവിടേയും ഇവിടേയും ഇന്നു നാട്ടരാജ്യങ്ങൾ സേച്ഛാധിപത്യത്തിൽ മുറുകെ പിടിച്ചുനിന്നു മരണനൃത്തംചെയ്യുന്ന ഭയങ്കരമായ കാഴ്ച നാം കാണുന്നതു്. അവിടേയെങ്ങും കൊച്ചിയെ ഭരിക്കുന്ന മഹാരാജാവിനെപ്പോലെ അധികാരത്യാഗരസികനായ ഒരു മഹാരാജാവില്ല. പ്രജാഹൃദയവേദിയായ മഹാരാജാവു്, കാലഗതിയിലെ നിഗൂഢശക്തികളെ ദർശിക്കുവാനുള്ള പാണ്ഡിത്യവും, പാടവവും, തികഞ്ഞ രാജ്യതന്ത്രജ്ഞനായ നമ്മുടെ മഹാരാജാവു് ആയുരാരോഗ്യസൌഭാഗ്യങ്ങളോടുകൂടി ചിരകാലം ജീവിയ്ക്കട്ടേ എന്നു ഞാൻ പ്രാർത്ഥിയ്ക്കുന്നു. പൂർണ്ണോത്തരവാദഭരണദാനംകൊണ്ടു കൊച്ചിയെ നാട്ടരാജ്യങ്ങളുടെ മുന്നണിയിലേയ്ക്കും, കൊച്ചീമഹാരാജാവിനെ നാട്ടരാജാക്കന്മാർക്കു മാതൃകയായും, ഏകക്ഷണത്തിൽ ഉയർത്തിയ രാജകീയധർമ്മമേ! മന്ത്രപ്രഭാവമേ!! നിങ്ങൾ വർഗ്ഗീയവും, സാമ്പത്തികവുമായ അനീതികളുടെ കളങ്കലേശംപോലും സ്പർശിയ്ക്കാതെ ഈ രാജ്യശ്രീയെ സർവ്വാംഗരമ്യയാക്കിത്തീർക്കുവാൻ പ്രജാപ്രാണനായ ആ തിരുമനസ്സിനു പ്രചോദനം നല്കിയാലും! മഹാരാജാവു തിരുമനസ്സുകൊണ്ടും, രാജകുടുംബവും സർവ്വോല്കൃഷ്ടേന വർത്തിയ്ക്കട്ടെ!!!

മിസ്റ്റർ പറമ്പിലോനപ്പൻ: സർ, ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, ഈ പ്രമേയത്തെപ്പറ്റി രണ്ടുവാക്കു ഇംഗ്ലീഷിൽ പറയുന്നതു ഉചിതമാകുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു മലയാളത്തിൽതന്നെ സംസാരിയ്ക്കാമെന്നു ഞാൻ വിചാരിക്കുന്നു. സർ, ഈ പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പു ഇങ്ങിനെ ഒരു പ്രമേയം അവതരിപ്പിയ്ക്കാമോ? എന്നു ഞങ്ങളുടെ കക്ഷിയുടെ സിക്രട്ടറി, എന്നോടാലോചിക്കുകയും, ഇതു അവതരിപ്പിക്കുന്നതിനു യാതൊരു വിരോധമില്ലെന്നു ഞാൻ അഭിപ്രായപ്പെടുകയും ചെയ്തു. ഇങ്ങിനെയുള്ള പ്രമേയങ്ങൾ ഈ നിയമസഭയിൽ പല പ്രാവശ്യവും കൊണ്ടുവന്നിട്ടുണ്ടു്. ഇതിനെ ടെക്കനിക്കലായ കാരണം പറഞ്ഞു തടയാൻ നോക്കിയതു അനുചിതമായി എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മുറത്തെ മുല്ലയ്ക്കു മണമില്ലായെന്നു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. അതുപോലെ കാച്ചീരാജ്യം വാണരുളുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു് ചെയ്തിട്ടുള്ള പ്രവൃത്തിയെന്താണെന്നു കൊച്ചീക്കാരായ നാം അത്രതന്നെ നന്നായറിയുന്നില്ല. ഈയിടെ ചിലകേസ്സുകൾ നടത്തുന്നതിനായി ഞാൻ കോയമ്പത്തൂരിലും മറ്റു ചില സ്ഥലങ്ങളിലും പോയിരുന്നു. നമ്മുടെ മഹാരാജാവു, തിരുമനസ്സിലെ പ്രവൃത്തിയെപ്പറ്റി അവിടങ്ങളിലുള്ള പ്രശംസ കേൾക്കുമ്പോൾ, ഇന്ത്യയിലെ നാട്ടരാജാക്കന്മാർക്കെല്ലാവർക്കും, മാതൃകയായിട്ടുള്ള ഒരു മഹാരാജാവാണു നമ്മുടെ മഹാരാജാവു എന്നു അവർ കരുതിയിരിക്കുന്നതായി നമുക്കു തോന്നും. ഇതു വളരെ വാസ്തവമായ് സംഗതിയുമാണു്. കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു, മറ്റു മഹാരാജാക്കന്മാരും, നാട്ടുവാഴികളും സംശയിച്ചുകൊണ്ടിരിക്കുന്ന സമയത്തു ഇത്ര ഗംഭീരമായ വിധത്തിൽ ജനങ്ങൾക്കു പൂർണ്ണോത്തരവാദ ഭരണം സ്വമനസ്സാലെ കൊടുക്കാൻ തയാറായ്തു, വാസ്തവത്തിൽ മറ്റരാജാക്കന്മാരെ കുഴക്കിലിടുപോലെയാക്കിയിട്ടുണ്ടു്. ഈപ്രവൃത്തിയിൽനമ്മുടെഅഭിനന്ദനത്തെ കാണിക്കേണ്ട വലുതായ കടമ നമുക്കുണ്ടു്. പരിപൂർണ്ണോത്തരവാദ ഭരണം തരാമെന്നും, അതു തിരുമനസ്സിലെ കാലത്തുതന്നെ തരുന്നതാണെന്നും, തിരുമനസ്സുകൊണ്ടു വാഗ്ദ്ധേയറ്റകാലത്തു ഉത്തരവായിട്ടുണ്ടു്. അതു് തിരുമനസ്സുകൊണ്ടു നിറവേറ്റിയിരിക്കുന്നു. നമുക്കിപ്പോൾ പൂർണ്ണോത്തരവാദ ഭരണം കിട്ടിയിട്ടുണ്ടു്. നമ്മുടെ ഭരണരീതി— നാം കൌൺസിലിന്നകത്തും പുറത്തും വഴക്കടിക്കുന്നുണ്ടെങ്കിലുംശരി— കൊച്ചിയ്ക്കു പുറമേയുള്ളവർക്കു് വളരെ ശ്ലാഘനീയമായിരിക്കുന്നു. അതിൽ നമുക്കഭിമാനിക്കാം. നമ്മുടെ ഭരണത്തിൽ തെറ്റുണ്ടായിരിക്കാം. എന്നാൽ തെറ്റുചെയ്യാത്ത യാതൊരു ഗവർമ്മെണ്ടുമില്ല. അതുകൊണ്ടു, മഹാരാജാവു തിരുമനസ്സുകൊണ്ടു നമുക്കു കല്പിച്ചു തന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഈ അധികാരത്തിൽ, നാം നന്ദിയുള്ളവരാണെന്ന വ്യക്തമാക്കേണ്ടതു നമ്മുടെ കടമയാണെന്നാണ് എനിക്കു തോന്നുന്നതു്. അതിനാൽ ഈ പ്രമേയം കൊണ്ടുവന്ന ഞങ്ങളുടെ കക്ഷിയുടെ സിക്രട്ടറിയെ അഭിനന്ദിക്കുകയും ഈ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുകയും ചെയ്യുന്നു.

Mrs. Dakshayani Velayudhan *(Nominated)* : Without going into the merits and demerits of speaking in English, I wish to express my opinion in English. I am very glad to express my opinion here, and I gladly concur with the opinions expressed by the Hon'ble Members who spoke before me. As the second speaker said, we can understand the greatness of our Highness only when we go out of the State (hear, hear). In many meetings where the greatest Indian leaders took part I have heard them saying that the people of Cochin are really fortunate and whenever any question relating to any State comes up before any particular meeting, they will mention the name of His Higness of Cochin as a model and they will say there is no trouble regarding Cochin and we can take him as an example for the other Princes. As our Highness visualised, now we have got what is known as full responsible Government in our State. And His Highness has shown that he is really a constitutional ruler. And it is only in the fitness of things that we should express our gratitude on this occasion when we meet here after that epoch-making event. We see the ugly incidents that happen in the so-called advanced states of Hyderabad and Mysore and so many other small States. Though our people had to suffer at some length we got full responsible government without any of the sacrifices that people in other parts of our country are undergoing.

Mr. P. Kumaran Ezhuthassan (*Vadakkancheri*) : Not many, none of the sacrifices.

Mrs. Dakshayani Velayudhan (*Nominated*) : I understand that the Hon'ble Member Mr. Ezhuthassan did not make any sacrifices, but there are members in this Assembly who had to make sacrifices.

Mr. P. Kumaran Ezhuthassan (*Vadakkancheri*) : That is evident.

Mrs. Dakshayani Velayudhan (*Nominated*) : And people will realise that even though we did not witness such unhappy incidents here, our people and some of the leaders who are now in politics and some who were in politics at some time,in one way or other helped for the achievement of responsible government in the State. To add to all these, we were fortunate in having a Highness who was ready in granting the request and who had an ideal before him and who was anxious to put that ideal into practice. And we must understand that our duty does not end there. Now the duty has fallen on the people and the party in power will have to see that the ideals for which Our Highness stands are put into practice and people got the full benefit of what is called the full responsible Government. Not only the party in power has responsibility but the people as a whole in the State have got responsibilties to see that we give the people the pleasure and happiness that our Highness desires to have by having his ideals put into practice. So it is also the duty of the people of the State to help the Government with their suggestions and with their co-operation in all the matters and thus see that the full responsible Government that we have got here does the greatest and fullest benefit to the people of the State. And we are very proud that this chotta State of Cochin is the first State and which stands as most advanced, so to say, constitutionally, and our Highness stands as the greatest model which any Prince in India can follow. When we find that Princely orders are about to come to a close, wiser rulers see that they can get the co-operation and good-will of the people only if they foresake their autocratic power, autocratic methods, and give responsibility of Government to the people. We must be very proud of having a Highness who is very desirous to see that the people enjoy the benefit of the Government in the proper sense of the term Government. I once again strongly support this resolution.

മിസ്റ്റർ എം. ഒ. തോമക്കുട്ടി. സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. പ്രജാവാത്സല്യതല്പരനായ മഹാരാജാവുതിരുമനസ്സുകൊണ്ടു നമുക്കു് കല്പിച്ചരുൾചെയ്ത ഉത്തരവാദഭരണത്തിനു നാം തിരുമനസ്സിനെ അഭിനന്ദിക്കുകതന്നെവേണം. ഇന്ത്യയിലെ നാട്ടരാജ്യങ്ങളിലെ ഭരണാധികാരികൾക്കു് ഒരു മാതൃകാപുരുഷനായിട്ടാണു് ഇന്നും നമ്മുടെ വാത്സല്യതിരുമേനി പ്രശോഭിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. ഇന്ത്യയുടെ മറ്റു നാട്ടരാജ്യങ്ങളിൽ പൂർണ്ണ ഉത്തരവാദ ഭരണത്തിനുവേണ്ടി ഇന്നും നടമാടികൊണ്ടിരിക്കുന്ന അക്രമപരമായ നടപടികൾക്കു് ഇടവരുത്താതെ തന്നെ വരുവാൻ പോകുന്ന കാര്യങ്ങളെ മുൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakutty.]

കൂട്ടികണ്ട് ഇങ്ങിനെയൊരു ഉത്തരവാദിത്വഭരണം യാതൊരു അനിഷ്ട സംഭവങ്ങൾക്കും ഇട വരുത്താതെ നമുക്ക് ലഭിക്കുവാൻ സാദ്ധ്യമായതിന്നു തിരുമനസ്സിനെ പ്രശംസിക്കുകതന്നെ വേണം. ഇന്ത്യാഗവൺമെണ്ടിന്റെ ഇന്നത്തെ ധനകാര്യ മന്ത്രിയും ഒരു കാലം കൊച്ചിയിലെ ദിവാൻ പദം അലങ്കരിച്ചിരുന്ന ദേഹവുമായ ശ്രീ ഷൺമുഖം ചെട്ടിയാർ അവർകളുടെ കാലത്താണ് അന്നത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു ഉത്തരവാദ ഭരണത്തിന്നുള്ള അടി സ്ഥാനം ഇട്ടതു്. ആദ്യമായി നമുക്ക് ഒരു ഗ്രാമോദ്ധാരണ മന്ത്രിയെ ലഭിക്കുന്നതിന്നുള്ള ഭാ ഗ്യോദയവും അന്നാണ്‌ഉണ്ടായതെന്നു് പറയേണ്ടതില്ലല്ലോ. അന്നു സ്വർഗ്ഗാരോഹണം ചെയ്ത ആ മഹാനുഭാവനായ തിരുമേനിയെ നാം ഇന്നു സ്മരിക്കുകയും അതിന്നു അനുകൂലമായിർദ്ദേശങ്ങൾ നൽകിയിരുന്ന ശ്രീ ഷൺമുഖം ചെട്ടിയാർ അവർകളെ അഭിനന്ദിക്കുകയും തന്നെ വേണം.

സർ, എന്നാൽ ഇപ്പോഴത്തെ ഉത്തരവാദ ഭരണം പൂർണ്ണ ഉത്തരവാദ ഭരണമാണെന്നു പറയുവാൻ നിവൃത്തിയില്ലെന്നുള്ള സത്യാവസ്ഥ ഏവർക്കും അറിയാവുന്നതാണു്. കാരണം ഇപ്പോഴും ചില വകുപ്പുകൾ നിയമസഭയുടെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്, അതും കൂടി നിയമസഭക്കു് കൈവന്നാൽമാത്രമേ പൂർണ്ണ ഉത്തരവാദ ഭരണം കൈവന്നുവെന്നു പറയുവാൻ സാദ്ധ്യമാകയുള്ളൂ. ഇത്തരത്തിലുള്ള ഒരു ഉത്തരവാദ ഭരണം ഇന്നു സ്ഥിതി ചെയ്യുന്നതു് നിയമസഭയുടെ ഭൂരിപക്ഷത്തോടുകൂടിയ ഒരു കക്ഷിയിലല്ലെന്നുള്ളതു് ഈ സന്ദർഭത്തിൽ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. എന്നാൽ ഇന്നത്തെ നിയമസഭയുടെയും മന്ത്രിമാരുടെയും പരിതാപകരമായ നിലക്കു് കാരണമായതു് ഭൂരിപക്ഷത്തോടുകൂടിയതല്ലാത്ത ഒരു തൃതീയ പാർട്ടിയിൽ മന്ത്രിസ്ഥാനം കൈവന്നതുകൊണ്ടു മാത്രമാണു്. ഒന്നുകിൽ നിയമസഭയിലുള്ള എല്ലാപാർട്ടികളേയും കൂട്ടിചേർത്തു് മന്ത്രിസ്ഥാനത്തിന്നുവിധേയരാക്കുകയോഅല്ലാത്തപക്ഷം ഭൂരിപക്ഷത്തോടുകൂടിയ ഒരു പാർട്ടിയിൽ മന്ത്രിസ്ഥാനം നിലകൊള്ളുകയോചെയ്യേണ്ടതുമാകുന്നു.അങ്ങിനെയല്ലാത്തവിധത്തിൽ ഒരു ഭരണ ഘടന രൂപവൽകരിച്ചതുകൊണ്ടാണു് ഇന്നത്തെ ഈ അനിഷ്ടസംഭവങ്ങൾക്കു് ഇടയായിതീർന്നിട്ടുള്ളതു്.അതുകൊണ്ടു ഇക്കാര്യത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു കുലങ്കഷമായി ആലോചിച്ചു് കാലംവിളംബമെന്യേ ഈദൃഷ്ടസ്ഥിതിയെ ദൂരീകരിക്കുമെന്നു പ്രത്യാശിക്കുന്നു. അവസാനമായി, മഹാരാജാവു തിരുമനസ്സുകൊണ്ടു് നമുക്കു് ഇപ്പോൾനൽകിയിട്ടുള്ള ഈ ഉത്തരവാദ ഭരണത്തെ അതിന്റെ ഉദ്ദേശശുദ്ധിയോടുകൂടിപ്രവൃത്തിച്ചു് സമധാനസുന്ദരമായ ഒരു നൂതന കൊച്ചിയെ സൃഷ്ടിക്കണമെന്നെ എനിക്കു ബഹുമാനപ്പെട്ട മന്ത്രിമാരോടു ഉപദേശിക്കേണ്ടതുള്ളൂ. അവർ ഈ ഉത്തരവാദ ഭരണത്തെ വ്യക്തിവിദ്വേഷങ്ങളെക്കൊണ്ടു മലിനപ്പെടുത്താതെ തൊഴിലാളികളുടേയും മുതലാളിമാരുടേയും അവകാശതാല്പര്യങ്ങളെ മുൻനിറുത്തി രാജ്യക്ഷേമം കൈവരുത്തണമെന്നും ഉൽബോധിപ്പിച്ചുകൊള്ളുന്നു. മന്ത്രിഭരണത്തെ സംബന്ധിച്ചുള്ള പലേ വിമർശനങ്ങളും അടിക്കടി ഉണ്ടായിയെന്നുവന്നേക്കാം. എങ്കിലും അവർ അവരുടെ നിഷ്പക്ഷത, നിഷ്കളങ്കത പ്രകാശിപ്പിച്ചു കാട്ടേണമെന്നേ ഞാൻ താല്പര്യപ്പെടുന്നുള്ളൂ. മഹാരാജാവു തിരുമനസ്സുകൊണ്ടു എന്തൊരു ഉദ്ദേശത്തോടുകൂടി ഉത്തരവാദ ഭരണത്തെ ജനകീയ ഹസ്തങ്ങളിലേക്കു സമർപ്പിച്ചുവൊ ആ ഉദ്ദേശശുദ്ധിയോടുകൂടി മന്ത്രിമാരായ നിങ്ങൾ ഓരോരുത്തരും പ്രവൃത്തിക്കണമെന്നും അല്ലാത്തപക്ഷം ഉത്തരവാദ ഭരണം അധഃപതിച്ചുപോകുന്നതും അതു വീണ്ടും മഹാരാജാവു തിരുമനസ്സിലെ പൂർണ്ണാധികാരത്തിൻകീഴിൽ എത്തിച്ചേരുന്നതുമായിരിക്കും. ഇത്തരം അനിഷ്ടസംഭവങ്ങൾക്കു് ഇടവരുത്താതെ ചുമതലാബോധത്തോടുകൂടി കാര്യങ്ങളെ വേണ്ടവിധം നിർവ്വഹിക്കേണ്ടതാണെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു ഉത്തരവാദ ഭരണം യാതൊരു മടിയുംകൂടാതെ ജനകീയ ഹസ്തങ്ങളിലേക്കു് സമർപ്പിക്കുന്നതിന്നു കാണിച്ച ആ മഹാമനസ്കതയെ എന്നും പുകഴ്ത്തുകതന്നെ വേണം. തിരുമേനി ചിരകാലം ആയുരാരോഗ്യസമ്പൽസമൃദ്ധിയോടുകൂടി ജീവിച്ചിരിക്കട്ടേ എന്ന സർവ്വേശ്വരനായ ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഇത്രവലിയ അധികാരങ്ങൾ, ഇത്രവേഗം സിദ്ധിച്ചതു്, ഒരു മഹാഭാഗ്യമായിട്ടാണു് ഞാനും എന്നെപ്പോലെയുള്ള കൊച്ചിയിലെ ഏതാണ്ടു ലക്ഷം ജനങ്ങളും വിചാരിക്കുന്നതു്. ജനങ്ങളുടെ ഇംഗിതം മനസ്സിലാക്കി, രാജ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിയെ അടിസ്ഥാനമാക്കി, എങ്ങിനെയാണ് മഹാരാജാക്കന്മാർ പെരുമാറേണ്ടതെ ന്നു് ഇന്ത്യയിലെ മറ്റു നാട്ടരാജ്യങ്ങൾക്കു കാണിച്ചുകൊടുത്ത ഒരു മഹാരാജാവാണു് നമ്മു ടെ മഹാരാജാവു്.

ഇന്ത്യ സ്വതന്ത്രയായ ആ ദിവസത്തിൽതന്നെ നമ്മുടെ അഭിലാഷപ്രകാരം ഭരണം ന ടത്തുവാനായിട്ടുള്ള ഉത്തരവാദഭരണം നമുക്കു കിട്ടിക്കഴിഞ്ഞു. ലോകത്തിലെ മാന്യന്മാരെ ല്ലാം അതിനെപ്പറ്റി ധാരാളം പ്രകീർത്തിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇനിമേലിൽ നാം ഈ ചുമത ലകളെല്ലാം, തിരുമനസ്സുകൊണ്ടുതന്ന സന്ദേശത്തിൽ പറഞ്ഞിരിക്കുന്ന തരത്തിൽ, ഈ രാജ്യ ത്തെ എല്ലാ തരത്തിലുമുള്ള അഭിവൃദ്ധിക്കുവേണ്ടി കയ്യോടുകൈപിടിച്ചു്, തോളോടുതോൾ ചേർന്നു് ആദർശശുദ്ധിയോടുകൂടി പ്രവർത്തിച്ചു് തിരുമനസ്സിലെ കാലത്തുതന്നെ തിരുമനസ്സു കൊണ്ടുതന്ന ദാനം അനുസ്മരിച്ചു് ഈ രാജ്യത്തെ ഉയർത്തിക്കൊണ്ടുപോകണമെന്ന കടമയും നമുക്കുണ്ടാകണം. അതുകൊണ്ടു് വളരെക്കാലത്തെ, ഫറോ കൊല്ലത്തെ ആയുസ്സുതന്നെയും തിരുമനസ്സിലേക്കുണ്ടാകട്ടെ എന്നു് ഞാൻ പ്രാർത്ഥിക്കുന്നു. തിരുമനസ്സിലെക്കാലത്തുതന്നെ ഈ രാജ്യത്തിന്നുവേണ്ട എല്ലാ അഭിവൃദ്ധികളും, ഏറ്റവും ആദരണീയമായ, അനുയോജ്യമാ യവിധം ഉണ്ടാകുവാനും അതിന്നുള്ള മാർഗ്ഗങ്ങൾ തേടുവാനുമുള്ള യോഗം ഉണ്ടാകട്ടെ എന്നു് ആശംസിക്കുകയും ചെയ്തുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഉത്തരവാദിത്വഭരണം രാജ്യത്തെ ജനങ്ങളുടെ ഒരു ജന്മാവകാശമാണു് എന്നുള്ളതുകൊണ്ടു് അതു നമ്മുടേയും ജന്മാവകാശമാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. പ്രത്യേകിച്ചും അ തു് കേരളീയരുടെ ജന്മാവകാശമാണെന്നു പറയുന്നതിനു എനിക്കു കൂടുതൽ സന്തോഷമുണ്ടു്. കേരളം ലോകത്തിലെ ഒന്നാമത്തെ റിപ്പബ്ലിക്കായിരുന്നു എന്നാണു് കേരളചരിത്രം പറയു ന്നതു്. പിന്നീടു് രാജാക്കന്മാരെ സ്വീകരിച്ചു എങ്കിലും ആ രാജാക്കന്മാർ നിയന്ത്രിതഭരണാ ധികാരികളായിരുന്നു. നമ്മുടെ രാജാക്കന്മാർ സേച്ഛാധിപതികളായതു് വിദേശശക്തി ഇവിടെ വന്നതിന്നുശേഷമാണു്. അവർ പോയതോടുകൂടി നാമെല്ലാം സ്വതന്ത്രരായിക്ക ഴിഞ്ഞു. സ്വതന്ത്രരാകാതെ വല്ലവരുമുണ്ടെങ്കിൽ അവർ താമസിയാതെ സ്വതന്ത്രരാകും. എന്നാൽ ഈ ഉത്തരവാദഭരണം കൂടുതൽസുഖം അനുഭവിക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ കൂടുതൽ ആനന്ദത്തിനുവേണ്ടിയോ ആണെന്ന ബോദ്ധ്യം എനിക്കില്ല. കൂടുതൽ ദുഃഖ മാണെങ്കിലും ഉത്തരവാദഭരണത്തെയാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. കാരണം ഒരു സിംഹ ത്തെപിടിച്ചു് കൂനകനെപോലെ കെട്ടിയിട്ടു് അതിനു് ഇഷ്ടമുള്ള ആഹാരമെല്ലാം കൊടുത്തു കൊണ്ടിരിക്കുകയും അതിനു സഞ്ചരിക്കുന്നതിനു വേണ്ടതു പരിതഃസ്ഥിതികൾ സൃഷ്ടിച്ചു കൊടുക്കുകയും ചെയ്താലും ആ സിംഹത്തിനു ഒരിക്കലും സുഖമുണ്ടാകുമെന്നു എനിയ്ക്കു തോന്നു ന്നില്ല. അതു് കാട്ടിൽ സ്വതന്ത്രമായി സഞ്ചരിക്കുമ്പോൾ ഭക്ഷണം കൂടുതൽ കിട്ടിയെന്നുവ രുന്നേക്കാം, കിട്ടിയില്ലെന്നും വരുന്നേക്കാം. അതുപോലെ ചിലപ്പോൾ ശത്രുക്കളോടു് ഭയ ങ്കരമായ സമരം ചെയ്യേണ്ടതായും വരുന്നേക്കാം. ഇങ്ങിനെയൊക്കെയാണെങ്കിലും സിംഹം സ്വതന്ത്രമായി കാട്ടിൽ ജീവിക്കുന്നതിനെയാണു് ഇഷ്ടപ്പെടുന്നതു്. അതുപോലെ മനുഷ്യ രും ദുഃഖമുണ്ടായാലും സുഖമുണ്ടായാലും സ്വാതന്ത്ര്യത്തെയാണു് ഇഷ്ടപ്പെടുന്നതു്. അതുകൊ ണ്ടു് ദുഃഖപ്രയിഷ്ടമാണെങ്കിലും ഉത്തരവാദഭരണം വേണമെന്നാണു് എന്റെ അഭിപ്രായം. കൂടുതൽ സുഖമുള്ള സേച്ഛാഭരണത്തേക്കാളും ഏറ്റവും ഭേദമാണു് പരിപൂർണ്ണമായ ഉത്തര വാദഭരണം. കേരളീയരുടെ പാരമ്പര്യത്തെ മുൻനിർത്തിക്കൊണ്ടു്, പ്രാചീനകേരളീയരാജാ ക്കന്മാരെപോലെ—നിയന്ത്രിതരാജാക്കന്മാരെപോലെ—രാജ്യഭാരംചെയ്യുന്നതിനു നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് തീരുമാനിച്ചതിൽ ഞാൻ തിരുമനസ്സിനെ സർവ്വാ ത്മനാ അഭിനന്ദിക്കുകയും ഈ പ്രമേയത്തെ പിന്താങ്ങുകയും ചെയ്യുകയുള്ളൂ.

മിസ്സിസ് കെ. എം. ആർ. മേനോൻ: സർ, ഞാനും ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇൻഡ്യാരാജ്യം എന്നുമാത്രമല്ല ലോകം ഒട്ടാകെ സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളികൂട്ടുന്ന ഇക്കാലത്തു് "കാലത്തിനൊത്ത കോലം" എന്നു പറഞ്ഞമാതിരി മഹാരാജാവു തിരുമനസ്സു കൊണ്ടു് ഉത്തരവാദഭരണം നമുക്കു് കല്പിച്ചനുവദിച്ചതു് വലിയൊരു ഭാഗ്യമെന്നേ പറയു വാനുള്ളൂ. അതിനു യാതൊരു സംശയവുമില്ല. വലിയ ബഹളമൊന്നും രാജ്യത്തുണ്ടാകാ തേയും പ്രജകളെ വലിയ കുഴപ്പത്തിൽ പെടുത്താതെയും പരിപൂർണ്ണ ഉത്തരവാദഭരണം പ്രജ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mrs. K. M. R. Menon.]

കൊച്ചി ഭരണം ചെയ്ത മഹാരാജാവു തിരുമനസ്സിനെ നമുക്കു സിദ്ധിച്ചതു് നമ്മുടെ വലിയഭാഗ്യമായിട്ടുവേണം കണക്കാക്കുവാൻ എന്നാണു് ഞാൻ വിചാരിക്കുന്നതു്. തിരുമനസ്സിലെ ബുദ്ധിവിശേഷത്താലും തിരുമനസ്സിലെ പൂർവ്വജന്മസുകൃതത്താലുമാണു് ഇത്രവലിയ ഒരു പ്രവൃത്തിചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചതു് എന്നതന്നെവേണം പറയുവാൻ. ഇങ്ങിനെയുള്ള ഈ മഹാരാജാവു് അനവധികാലം ആയുരാരോഗ്യത്തോടുകൂടി നാടുവാണരുളുവാനും ഉത്തരവാദഭരണത്തെ വളരെ നല്ലനിലയിൽ കൊണ്ടുനടത്തുന്നതിനായിട്ടു കൊച്ചിയിലെ സ്ത്രീകൾക്കും വലിയ ഒരു പങ്കുണ്ടാകുവാനും ജഗദീശ്വരനോടു് പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാനും ഈ പ്രമേയത്തെ സഹർഷം പിന്താങ്ങുന്നു. ഈ പ്രമേയത്തിനു നിദാനമായ കാര്യങ്ങൾ പ്രമേയകർത്താവുതന്നെ ഇവിടെ പ്രകീർത്തിച്ചുകഴിഞ്ഞു. അദ്ദേഹംപറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു് ഇൻഡ്യയിലെ നാട്ടരാജാക്കന്മാരിൽ ഇടംപ്രഥമമായി ഒരു വ്യവസ്ഥാപിതരാജാവായി ഭരണം നടത്തിക്കൊള്ളാമെന്നു് പ്രഖ്യാപനംചെയ്തിട്ടുള്ള മഹാനുഭാവനാണു്. അങ്ങിനെയുള്ള മഹാരാജാവു തിരുമനസ്സുകൊണ്ടു് വ്യവസ്ഥാപിതരാജാവായിത്തന്നെ നീണാൾ വിജയിച്ചരുളട്ടെ. അവിടത്തെ ആയുരാരോഗ്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം കിട്ടിയെന്നുള്ള ഒരു പ്രശസ്തിക്കെങ്കിലും കൊച്ചി പാത്രീഭവിച്ചിട്ടുണ്ടല്ലൊ എന്ന സന്തോഷത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്. മനുഷ്യനെ മനുഷ്യനായി കരുതുവാൻ വഴിയില്ലാത്ത കൊച്ചീരാജ്യത്തു് പരിപൂർണ്ണ ഉത്തരവാദിത്വഭരണം കിട്ടിയാലും, എത്ര വലിയ പരിഷ്കാരങ്ങളുണ്ടായാലും, പൊതുനിരത്തുകളിൽകൂടി സഞ്ചരിക്കുവാൻ സ്വാതന്ത്ര്യമില്ലാതെ രാജ്യത്തിലെ വലിയ ഒരു വിഭാഗം ജനങ്ങൾ നിലകൊള്ളുന്നേടത്തോളംകാലം കൊച്ചിയിൽ കിട്ടിയിട്ടുള്ള പരിപൂർണ്ണ ഉത്തരവാദഭരണം പരിപൂർണ്ണമായിട്ടുള്ളതാണെന്നു വിശ്വസിക്കുന്നവനല്ല ഞാൻ. എങ്കിലും രക്തച്ചൊരിച്ചിലും വലിയ വിപ്ലവവുംകൂടാതെ ഭരണാധികാരം ജനങ്ങൾക്കു വിട്ടുകൊടുത്തതിൽ എനിക്കു സന്തോഷമാണുള്ളതു്. ചില ഡിപ്പാർട്ടുമെന്റുകൾ മന്ത്രിമാരെ എല്പിക്കുകയും മന്ത്രിമാരോടാലോചിക്കാതെ ആ ഡിപ്പാർട്ടുമെന്റുകൾ വേണ്ടെന്നുവെക്കുകയും ചെയ്യുന്നതു പരിപൂർണ്ണ ഉത്തരവാദഭരണത്തിൽപെട്ടതാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഉദ്യോഗനിയമനങ്ങളെല്ലാം ഇഷ്ടംപോലെചെയ്യുന്നതിനു് ആ വകുപ്പു് തന്റെ ഭരണത്തിൽ വെക്കുകയും അതിനു വേണ്ട രൂപകല്പനകൾ ഉണ്ടാക്കുവാൻ ഇഷ്ടംപോലേയുള്ള ആളുകളെ നിയമിക്കയും ചെയ്തിരിക്കുന്നു. ഇങ്ങിനേയുള്ള ഉത്തരവാദഭരണത്തെ പരിപൂർണ്ണ ഉത്തരവാദഭരണമെന്നു് പറയുവാൻ എനിക്കു നിവൃത്തിയില്ല. നമ്മുടെ അയൽരാജ്യത്തു് സാമുദായിക അവശതകൾ പരിഹരിക്കുന്നതിനു പല ബില്ലുകളും നിയമങ്ങളും കൊണ്ടുവന്നിരിക്കുന്നു. എന്നാൽ കൊച്ചിയിലെ ജനങ്ങൾക്കു് ഉത്തരവാദഭരണം കൊടുക്കുന്ന അവസരത്തിൽ, മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങളുണ്ടായിട്ടില്ല. ഇവിടെ ഇപ്പോഴും തീണ്ടൽ സംരക്ഷണം ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് പരിപൂർണ്ണ ഉത്തരവാദഭരണം എന്നുള്ളതിനോടു ഞാൻ യോജിക്കുന്നില്ല. എന്നാൽ രക്തച്ചൊരിച്ചിലും വിപ്ലവവും കൂടാതെതന്നെ നമുക്കു് അഭിമാനം കൊള്ളത്തക്കവിധത്തിൽ വേണ്ടതിലധികം മന്ത്രിമാരെക്കൊണ്ടാണെങ്കിലും എല്ലാവരും പ്രശംസിക്കത്തക്കവിധത്തിൽ ഭരണം നടത്തിയതിനു് മഹാരാജാവു തിരുമനസ്സിനെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, 1925-ാമാണ്ടിലാണു് ആദ്യമായി ഇവിടെ നിയമസഭ സ്ഥാപിതമായതു്. ഈ നിയമസഭ സ്ഥാപിച്ച അവസരത്തിൽ ജനങ്ങൾക്കു വേണ്ടിടത്തോളം സംഘടിച്ചു പ്രവൃത്തിക്കുവാനൊ പൊതുയോഗങ്ങൾതന്നെ കൂടുവാനൊ ഉള്ള ഒരു സമ്പ്രദായം നടപ്പിലുണ്ടായിരുന്നില്ല. അങ്ങിനേയുള്ള ഒരവസരത്തിൽ നിയമനിർമ്മാണത്തിനും ഗവർമ്മെണ്ടിനെ ഉപദേശിക്കുന്നതിനുമുള്ള ഒരു നിയമസഭ ആദ്യമായി സ്ഥാപിതമായി. ഈ സഭ അന്നു മുതൽ തുടച്ചയായി ഈ രാജ്യത്തു് പരിപൂർണ്ണ ഉത്തരവാദഭരണം ഉണ്ടായിക്കാണുവാനുള്ള ആഗ്രഹം ഗവർമ്മെണ്ടിനേയും മഹാരാജാവിനേയും

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഫ്രഞ്കൊല്ലം തുടർന്നതിൻെറശേഷം ഫ്ര ഫ്രഞ്-ാമാ ണ്ടിൽ ആദ്യമായി ഈ നിയമസഭയോടുത്തരവാദിത്വമുള്ള ഒരാളെ, ഈ നിയമസഭയിലെ ഒരു ബഹുമാനപ്പെട്ട അംഗത്തെ, ശവമ്മെണ്ടിൻെറ എതാനും ഡിപ്പാർട്ട്മെണ്ടുകൾക്കുത്തര വാദിത്വം വഹിക്കുന്ന മന്ത്രിയായി സ്വീകരിച്ചു. തുടർന്ന് എട്ടൊമ്പതുകൊല്ലക്കാലത്തേക്ക് ഉത്തരവാദഭരണത്തിൻെറ ഗതിക്കു വലിയ വളച്ചുയൊന്നും കണ്ടില്ല. ഇന്നത്തെ മഹാരാ ജാവു തിരുമനസ്സുകൊണ്ടു് സ്ഥാനാരോഹണം ചെയ്തതിനുശേഷം തുടരെത്തുടരെ ഒന്നിനു പി ന്നിലായി ഈ ഉത്തരവാദഭരണത്തിനു വികസനമുണ്ടായതായി നാം കാണുകയുണ്ടായി. ആദ്യംതന്നെ കുറെ ഡിപ്പാർട്ട്മെണ്ടുകൾകൂടി ട്രാൻസ്ഫർ ചെയ്യുകയും ഒരു മന്ത്രിയെക്കൂടി നിയമിക്കയും ചെയ്തു. പിന്നീടു് അനവധി ഡിപ്പാർട്ട്മെണ്ടുകൾകൂടി ട്രാൻസ്ഫർ ചെയ്യു കയും കുറെ മന്ത്രിമാരെ നിയമിക്കയും ചെയ്തു. ഒടുവിൽ ആഗസ്റ്റ് ഫ്ര൪-ാം-നു- ഈ നിയമ സഭയിലേക്കയച്ച മഹനീയമായ സന്ദേശത്തിൽ എല്ലാ ഡിപ്പാർട്ട്മെണ്ടുകളും ഭരിക്കുന്നതിനു ള്ള അധികാരം നിയമസഭയോടുത്തരവാദിത്വമുള്ള മന്ത്രിമാർക്കു വിട്ടുകൊടുക്കയും ചെയ്തി ട്ടുണ്ടു്. ഈ വിധത്തിലുള്ള ഒരു പരിണാമം ഇന്നു് ഇൻഡ്യയിൽ എല്ലാ രാജ്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ഈ രാജ്യത്തു് അതു വളരെ വേഗത്തിൽ സംഭ വിച്ചു എന്നുള്ളതും അങ്ങിനെ സംഭവിച്ചതു് കലാപങ്ങളൊന്നുംകൂടാതെയുമാണു് എന്നുള്ളതും പ്രത്യേകിച്ചു് സ്തുത്യർഹമായ ഒരു വിഷയമാണു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കക്കടകം ഫ്രഞ-ാംനു-.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: ജനങ്ങളുടെ ആവശ്യത്തിനുമായ ആവശ്യത്തെ മാനി ച്ചും ജനങ്ങളും ജനങ്ങളുടെ പ്രതിനിധികളും മഹാരാജാവു തിരുമനസ്സിയെ അറിയിച്ചുതി നെ മാനിച്ചും ഇത്ര വേഗത്തിൽ അദ്ദേഹം ചെയ്ത എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. കലാപങ്ങളുംമൂലം കൂടുതൽ പരിവർത്തനങ്ങളും പല ദിക്കുകളിലും ഉണ്ടാകുന്നതു് നാം കാണു ന്നുണ്ടു്. അങ്ങിനെയുള്ള കലാപങ്ങളൊന്നും കൂടാതെ, സമാധാനപരമായിട്ടുതന്നെ ജനങ്ങളും അവരുടെ ആവശ്യം പ്രകടിപ്പിച്ചു ഉടനെതന്നെ ഉത്തരവാദഭരണം ഇവിടെ ഉണ്ടായതിലാണു് നമുക്കു കൃതാർത്ഥതയുള്ളതും. ആ അർത്ഥത്തിലാണു് കലാപം എന്ന വാക്കു ഞാൻ പ്രയോഗിച്ചതു്. ഇന്നും പരിപൂർണ്ണമായ ഉത്തരവാദഭരണം ഉണ്ടായിട്ടുണ്ടോ ഇ ല്ലയൊ എന്ന തർക്കം അനാവശ്യമാണു്. അതിനുള്ള സന്ദർഭം ഇതല്ലെന്നു് ഈ സഭയെ അ റിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു് അയച്ച സന്ദേശ ത്തിലെ ഒരു ഭാഗം, അതായതു് ഭരണഘടന ഉണ്ടാക്കുന്നതു്, ഇനിയുണ്ടാകേണ്ടിയിരിക്കുന്ന എന്നു ഞാൻ വെളിവാക്കുന്നു. ഇന്നത്തെ മന്ത്രിമാർക്കു് ഉത്തരവാദഭരണം കൊടുത്തുഎന്നുള്ള മിഥ്യ ബോധവും നാം കളയണം. മന്ത്രിമാർക്കു് ഉത്തരവാദഭരണം കൊടുക്കുകയല്ല ഉണ്ടായിട്ടു ള്ളതു്. രാഷ്ട്രീയമായ വളച്ചു നോക്കുകയാണെന്നുണ്ടെങ്കിൽ മഹാരാജാവു തിരുമനസ്സിലെ ഒടുവിലത്തെ സന്ദേശത്തിൻെറ അർത്ഥം ഭർണത്തിനുള്ള അധികാരം നിയമസഭക്കു വിട്ടുകൊ ടുത്തിരിക്കുന്നു എന്നാണു്. ഈ നിയമസഭയോടുത്തരവാദപ്പെട്ടുകൊണ്ടു്, നിയമസഭയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു് അതു് കൈകാര്യം ചെയ്യുന്നതു് എതാനും ചില വ്യക്തി കളായിരിക്കാം. എന്നാൽ അധികാരസംക്രമണം ഉണ്ടായിട്ടുള്ളതു് പാർലിമെണ്ടിലേ ക്കാണു എന്നുള്ളതാണു് ഈ സംഭവത്തിൻെറ സ്തുത്യർഹമായ വശം. ആ ബോധത്തോടെ ഈ നിയമസഭ ഈ കാര്യത്തെ അവലോകനംചെയ്യുന്നതും അതിൽ കൃതകൃത്യത പ്രകടിപ്പിക്കു ന്നതും നന്നായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ കാര്യത്തിൽ മഹാരാജാവു തിരുമനസ്സിനോടു കൃതജ്ഞത പ്രകടിപ്പിക്കുന്നതിനോടൊപ്പം ശ്രീമാൻ തോമക്കുട്ടിയും മറ്റു പല അംഗങ്ങളും ഈ സഭയെ ഉൽബോധിപ്പിച്ചു മാതിരി സഭക്കു കൈവന്നിട്ടുള്ള അധികാരം വ്യക്തിപരമായിട്ടുള്ള നിലയിൽ കണക്കാക്കാതെ ആ പരിഷ്കാരംമൂലം നമുക്കു ണ്ടായിട്ടുള്ള ചുമതലകളുടെ ഭാരം മനസിലാക്കുന്നതു് നന്നായിരിക്കും. അതു മന്ത്രിമാരും മനസ്സിലാക്കണം; നിയമസഭയും മനസിലാക്കണം. ഉത്തരവാദഭരണപ്രകാരം ഏതു സമയ ത്തും നിയമസഭയോടുത്തരവാദിത്വമുള്ള മന്ത്രിമാർ ഭരിക്കുക എന്ന സമ്പ്രദായമാണു് വന്നു ചേരുന്നതു്. ഈ ഭരണം ഭംഗിയായി നിർവ്വഹിച്ച മഹാരാജാവു നിയമസഭക്കു നൽകിയി ട്ടുള്ള അധികാരം വാസ്തവത്തിൽ തെറ്റായിപ്പോയിട്ടില്ല എന്നു വരുത്തേണ്ട ചുമതല നമുക്കു ണ്ടു്. ആ ചുമതല നാം നിർവ്വഹിക്കുമെന്നാണു് എൻെറ വിശ്വാസം. കഴിഞ്ഞ ഫ്രഞ.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

കൊല്ലക്കാലം അനുക്രമം അനുവത്സരം രാഷ്ട്രീയപരിഷ്കാരത്തിൽ വളർന്നുവന്നിട്ടുള്ള, ഇൻഡ്യയിലെ ഇതര നിയമസഭകൾക്കു മാർഗ്ഗദർശനം ചെയ്യുവാൻ വളർന്നുവന്നിട്ടുള്ള നിയമസഭ ഇപ്പോൾ ഈ ഭാരമേറിയ ചുമതല നിർവ്വഹിക്കുമെന്നും മഹാരാജാവിന്റെ താല്പര്യമനുസരിച്ചു്, ജനങ്ങളുടെ അഭിലാഷമനുസരിച്ചു്, ജനങ്ങളുടെ ആദർശമനുസരിച്ചു് കൈവന്നിട്ടുള്ള അധികാരത്തെ കൈകാര്യം ചെയ്യുവാൻ നിയമസഭ മതിയാകുമെന്നും അതിനു അധികാരത്തിലിരിക്കുന്ന മന്ത്രിമാരെ സഹായിക്കുമെന്നും എനിക്കു വിശ്വാസമുണ്ടു്. ഒരിക്കൽ ഇരിക്കുന്ന മന്ത്രിമാർ അശക്തരാണെങ്കിൽ നിയമസഭയ്ക്കുതന്നെ മറ്റു ചിലരെ ആ സ്ഥാനത്തു പ്രതിഷ്ഠിച്ചു് കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കുമെന്നുള്ളതാണു് ഉത്തരവാദഭരണത്തിന്റെ അർത്ഥം. ആ വിധത്തിലുള്ള അർത്ഥവ്യാപ്തിയെ മനസിലാക്കാതെ ഇന്നത്തെ മന്ത്രിമാർക്കു അധികാരം കൊടുത്തു എന്നു് ആരും തെറ്റായി വിചാരിക്കരുതു് എന്നും ലോകത്തിലെ രാഷ്ട്രീയപുരോഗമനത്തിന്റെ ചരിത്രം, ലോകത്തിൽ പല രാജ്യങ്ങളിലും നടപ്പുള്ള ഉത്തരവാദഭരണത്തിന്റെ ചരിത്രം, പല രാജ്യങ്ങളിലും ഡിമോക്രസി വിജയിച്ചുവന്നിട്ടുള്ളതിന്റെ ചരിത്രം, മനസിൽ വെച്ചുകൊണ്ടു് രാജ്യത്തിന്റെ പ്രാതിനിധ്യമുള്ള നിയമസഭക്കു കിട്ടിയിട്ടുള്ള അധികാരത്തെ ശരിക്കു വിനിയോഗിക്കുന്നതിനുള്ള പ്രതിജ്ഞയെടുക്കുവാൻ കൂടി ഈ അവസരത്തെ വിനിയോഗിക്കണമെന്നു ഞാൻ എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാരോടു് അപേക്ഷിക്കുന്നു.

ഒരു കാര്യംകൂടി പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഈ നിയമസഭതന്നെ വേണ്ടിടത്തോളം ജനങ്ങളുടെ പ്രാതിനിധ്യം തികഞ്ഞതല്ലെന്നു പറയാവുണ്ടു്. അതു ശരിയാണു്. കാരണം പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിയമസഭയല്ല ഇതു്. എങ്കിലും ഇപ്പോഴുണ്ടായിട്ടുള്ള ഈ സംഭവത്തിന്റെ പ്രാധാന്യം മനസിലാക്കിയാൽ കൊള്ളാമെന്നു ഞാൻ അപേക്ഷിക്കുന്നു. നിയമസഭയിലേക്കു അധികാരം പകരും. ഈ നിയമസഭയുടെ രൂപം മാറുവാനും അതിന്റെ ഘടന മാറുവാനും അതിനു കൂടുതൽ പ്രാതിനിധ്യമുണ്ടാകുവാനും നമുക്കു സാധിക്കുന്നതാണു്. അങ്ങിനെയാണു് പല രാജ്യങ്ങളിലും ഉത്തരവാദഭരണം പരിണമിച്ചു് ഇത്തരത്തെ നിലയിൽ എത്തിയിട്ടുള്ളതു്. അങ്ങിനെ നോക്കുകയാണെന്നുണ്ടെങ്കിൽ കഴിഞ്ഞ പത്തു കൊല്ലക്കാലത്തിനിടക്കു നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള പരിണാമം അത്ഭുതാവഹമായിട്ടുള്ളതാണെന്നു അഭിമാനിക്കുവാൻ സാധിക്കും. ഒരു പരിണാമശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ടു് ൯ മാസക്കാലംകൊണ്ടു് സ്ത്രീയുടെ ഗർഭത്തിൽ ഇരിക്കുന്ന പ്രജ, പ്രകൃതിയിൽ മനുഷ്യനു് അനേക നൂറ്റാണ്ടുകൾകൊണ്ടുണ്ടായിട്ടുള്ള പരിണാമത്തിൽ കൂടിയാണു് ഒരു മനുഷ്യശിശുവിന്റെ രൂപം പ്രാപിക്കുന്നതെന്നു്. ആദ്യം ഇഴഞ്ഞുനടക്കുന്ന ഒരു പുഴുവായിട്ടും പിന്നീടു് ഒരു മാംസത്തിന്റെ രൂപത്തിലും പിന്നീടു് ചില ജന്തുക്കളുടെ രൂപത്തിലും, പിന്നീടു് ഒരു കുരങ്ങന്റെ രൂപത്തിലും അവസ്ഥാനം ഒരു മനുഷ്യന്റെ രൂപത്തിലുമാണു് ഗർഭത്തിൽ ശിശു രൂപം പ്രാപിക്കുന്നതു് എന്നു് നമുക്കറിയുവാൻ സാധിക്കും. പത്തുമാസക്കാലംകൊണ്ടു് അനേക നൂറ്റാണ്ടുകൾകൊണ്ടു് മനുഷ്യജന്മത്തിനുണ്ടായിട്ടുള്ള പരിണാമത്തിന്റെ അനുഭവം ആ ജീവി എടുക്കുകയാണെന്നാണു് അതിനു വ്യാഖ്യാനംകൊടുത്തിട്ടുള്ളതു്. അതുപോലെ പല കൊല്ലക്കാലംകൊണ്ടു് ഇംഗ്ലണ്ടു മുതലായ ഡെമോക്രാറ്റിക്കു് രാജ്യങ്ങൾ അനേക നൂറ്റാണ്ടുകൊണ്ടു് ഉണ്ടാക്കീട്ടുള്ള പരിണാമം കൊച്ചി നിയമസഭയും ഉണ്ടാക്കീട്ടുണ്ടു് എന്നു് ആലോചിച്ചാൽ അറിയുവാൻ സാധിക്കും. ഇംഗ്ലണ്ടിലെ പാർലിമെണ്ടിനു രാജ്യഭരണം നടത്തുവാനുള്ള അധികാരം കിട്ടിയ ആ ഘട്ടത്തിലാണു് നാം ഇപ്പോൾ എത്തിയിരിക്കുന്നതു്. അതിനുശേഷവും പല വികസനങ്ങളും ആധുനിക രാജ്യങ്ങളിലുണ്ടായിട്ടുണ്ടു്. ഇംഗ്ലണ്ടിൽ അടുത്തകാലത്തു മാത്രമാണു് എല്ലാ സ്ത്രീകൾക്കും വോട്ടവകാശം ഉണ്ടായിട്ടുള്ളതു്; പ്രായപൂർത്തി വോട്ടവകാശം അടുത്തകാലത്താണു് അവിടെയുണ്ടായിട്ടുള്ളതു്. അതിനെത്രയോമുമ്പുതന്നെ മിക്കവാറും ഇവിടെയുണ്ടായിട്ടുള്ളതുപോലെ ചിലപ്പോഴെല്ലാം പ്രമേയങ്ങൾ പാസാക്കിയും ചിലപ്പോഴെല്ലാം പ്രകടനങ്ങൾ നടത്തിയും മറ്റു പലവിധത്തിലും അവരുടെ രാജാക്കന്മാരിൽനിന്നും പാർലിമെണ്ടിലേക്കു അധികാരം വാങ്ങീട്ടുണ്ടു് എന്നു കാണുവാൻ സാധിക്കും. ഇന്നു കൊച്ചിയുടെ പാർലിമെണ്ടായ കൊച്ചി നിയമസഭക്കു് മഹാരാജാവു തിരുമനസ്സുകൊണ്ടു് ഭരണം കൈമാറ്റംചെയ്തിരിക്കുന്നു. ജനപ്രതിനിധികളായ നിയമസഭാംഗങ്ങളോടു ഉത്തരവാദിത്വമുള്ള നിലയിൽ ചില വ്യക്തികളെ ഭരണാധികാരസ്ഥാനത്തു സ്ഥാപിച്ചുകഴി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിട്ടുണ്ട്. വലിയൊരു കാര്യം നാം നേടിക്കഴിഞ്ഞു. ഇനിയും പല വികസനങ്ങളും അതിനു മുമ്പായുണ്ടായേക്കാം. ആ വികസനങ്ങൾ അചിരേണ ഉണ്ടാകുമെന്നു തന്നെ നമുക്കു വിശ്വസിക്കുകയും ചെയ്യാം. ആ വികസനമുണ്ടാക്കുന്നതിനു നാം ചുമതലാബോധത്തോടുകൂടി നമുക്കു ജനങ്ങളോടുള്ള ഉത്തരവാദിത്വത്തെ വിസ്മരിക്കാതെ എന്റെ സുഹൃത്തു് മിസ്റ്റർ തോമക്കുട്ടി അനുസ്മരിപ്പിച്ച മാതിരി തല്ക്കാലം വ്യക്തിവിദ്വേഷം മറന്നു് ഒരു വലിയ ആദർശത്തെ മുൻനിറുത്തിക്കൊണ്ടു് മുന്നോട്ടു പോകണമെന്ന ബോദ്ധ്യം മഹാരാജാവുതിരുമനസ്സിനോടു് കൃതജ്ഞത പ്രകടിപ്പിക്കുന്ന ഈ പ്രമേയം ചർച്ചചെയ്യുന്ന ഈ ഘട്ടത്തിൽ നമുക്കുണ്ടാകുന്നുണ്ടെങ്കിൽ നാം വലിയൊരു കാര്യം നിർവ്വഹിച്ചു എന്നു അഭിമാനിക്കാം. ഇത്രയും പറഞ്ഞുകൊണ്ടു് ഈ പ്രമേയത്തെ പിന്താങ്ങുകയും പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു് പ്രസംഗിച്ച മറ്റെല്ലാ സുഹൃത്തുക്കളുടെയും അഭിപ്രായങ്ങളോടു യോജിക്കുകയും ചെയ്തുകൊള്ളുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ ഇന്നത്തെ ഈ ദിവസത്തെ ഞാൻ പ്രത്യേകതരത്തിലുള്ള ഒരു ദിനമായിട്ടു കരുതുന്നു. പ്രമേയവിഷയത്തെപ്പറ്റി സംസാരിക്കുന്നതിനുമുമ്പായി പ്രമേയവിഷയം ശരിയായൊ തെറ്റായൊ ഏതുവിധത്തിൽ എഴുതിഇരുന്നാലും ഇങ്ങിനെയുള്ളപ്രമേയത്തിനു കാരണഭൂതനായ ആ തിരുമേനിയുടെ ഛായ ഈ നിയമസഭയുടെ ഭിത്തികളിൽ വെച്ചതിനു അതിനുത്തരവാദപ്പെട്ടവരോടു ഞാൻ ആദ്യമായി നന്ദിപ്രകാശിപ്പിച്ചുകൊള്ളുന്നു. ഇന്നത്തെ മഹാരാജാവുതിരുമനസ്സുകൊണ്ടു് സിംഹാസനാരോഹണം ചെയ്തതു് ഫ ഫ ഫ മീനമാസം വ്യാഴം-യാണു്. തിരുമനസ്സുകൊണ്ടു് രാജ്യഭാരമേറ്റിട്ടു് രണ്ടുകൊല്ലം തികയുന്നതിനുമുമ്പു് ഇത്രയും ചുരുങ്ങിയകാലത്തിനുള്ളിൽ കൊച്ചിയിൽഉണ്ടായിട്ടുള്ള സംഭവവികാസങ്ങളെപ്പറ്റി ആലോചിച്ചു അതിൽ ഒരെങ്കിലും മതിമറന്നുപോയിട്ടുണ്ടെങ്കിൽ അതു് ഒട്ടുംതന്നെ തെറ്റായി പോകുന്നതല്ല. തിരുമേനി സിംഹാസനാരോഹണം ചെയ്യുവേളയിൽതന്നെ അവിടത്തെഭരണം എങ്ങിനെയുള്ളതായിരിക്കുമെന്നുള്ളതു് യാതൊരുകലർപ്പുംകൂടാതെ എവരുംമനസ്സിലാകത്തക്കവിധത്തിലുള്ള ഒരു മഹൽ പ്രഖ്യാപത്തോടുകൂടിയാണു് തുടങ്ങിട്ടുള്ളതെന്നുനാം ഓർക്കേണ്ടതുണ്ടു്. അവിടത്തെ മനോരഥം സാധിതമാകണമെങ്കിൽ എന്തെല്ലാമാണു് കൊച്ചീരാജ്യനിവാസികളും അവരുടെ പ്രതിനിധികളാണെന്നു അഭിമാനിക്കുന്ന മാന്യന്മാരും ചെയ്യേണ്ടതു് എന്നുള്ളതിനുള്ള സൂചനയും ആ മഹൽ സന്ദേശത്തിലുണ്ടു് എന്നു കണ്ണുള്ളവനുകാണാവാൻ സാധിക്കും. അവിടത്തെ മനോരഥം വേണ്ടവിധത്തിൽ സാധിക്കാത്തതുകൊണ്ടുണ്ടായ മനോവേദനയോടുകൂടിയാണങ്കിലും പിന്നീടും അവിടുന്നു് ആദ്യം തീർച്ചപ്പെടുത്തിയ വഴിയിൽക്കൂടി മുന്നോട്ടുപോകുവാനാണു് തിരുമാനിച്ചതു്. നമ്മുടെ പ്രജകളാണു്, കുട്ടികളാണു്, കുട്ടികൾ കാൽപിഴച്ചുവെക്കും എങ്കിലും അവർക്കു് ഉപദേശംകൊടുത്താൽ മറവുള്ളവരുടെ മാതൃകനോക്കിനടന്നുകൊള്ളും; അതുകൊണ്ടു നാം തീരുമാനിച്ചിട്ടുള്ള ആ പഥത്തിൽനിന്നു് അണുപോലും വ്യതിയാനം ചെയ്യുന്നതല്ല എന്നുള്ള ഉള്ളടക്കത്തോടുകൂടിയ ചരിത്രപ്രസിദ്ധമായ ഒരു പ്രഖ്യാപനം തിരുമനസ്സുകൊണ്ടു് ഫ ഫ ഫ കുക്കടകം ഫന്വാംന്വ- നിയമസഭക്കു് അയച്ചു എന്നുപറഞ്ഞുമാറുകയല്ലാതെ അന്നത്തെദിവസത്തെ സംഗതികൾപറയാതിരിക്കുന്നതു് നല്ലതായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ആദിവസത്തെതുടർന്നു മൻകാലങ്ങളെഅപേക്ഷിച്ചു അധികം ദിവസത്തേക്കു നീണ്ടുനിന്ന ആ നിയമസഭയുടെ അവസാനദിവസം ചോദ്യോത്തരവേളയിൽ അദ്ധ്യക്ഷൻഅവർകൾ, അന്നത്തെ ദിവാൻ പ്രസിഡണ്ടു്,അദ്ദേഹത്തിന്റെ സ്ഥാനംവിട്ടു ചേമ്പറിൽ പോകുകയും വളരെ താമസിയാതെതന്നെ ഇവിടെവന്നു് നിയമസഭയുടെ കാലാവധി ഒരു ദിവസംകൂടി നീട്ടിയിരിക്കുന്നു, വേണമെങ്കിൽ മൂന്നുദിവസവുമാകാമെന്നു പറയുകയുമുണ്ടായി. അതിന്നിടക്കു നടന്നചില സംഭവവികാസങ്ങൾ എല്ലാവർക്കുമറിയാവുന്നതുകൊണ്ടു് ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. അതിന്റെ ഫലമായി ഫ ഫ ഫ ചിങ്ങം ഫ-ാംന്വ- യുണ്ടായ ആ മഹൽ സന്ദേശം തിരുമനസ്സിലെ മുന്നോട്ടുള്ള ഗതിയെയാണു് സൂചിപ്പിക്കുന്നതു്. സർ എനിക്കു ഒരു പത്തുമിനിറ്റു സമയവുംകൂടി വേണം. എന്റെ കർത്തവ്യം ഞാൻ നിർവ്വഹിച്ചുട്ടില്ലെങ്കിൽ ആകുറവിനു ഞാൻ സമാധാനം പറയേണ്ടിവരും. അതുകൊണ്ടു് എനിക്കു ഇനിയും പറയുവാൻ അവസരം ലഭിക്കണമെന്നപേക്ഷിക്കുന്നു.

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with the Honourable President (M.R.Ry. L. M. Pylee Avl., M.A. & B.L.) in the Chair.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഫ്രഫഫ ചിങ്ങം ഫ-ാംന്ദ-യോടുകൂടിയാണ ഞാൻ എന്റെ നിരുപണം ഉച്ചുക്കുമുമ്പ് നിറുത്തിയതു്. ഇവിടത്തെ ഇങ്ങിയെയുള്ളസംഭവവികാസങ്ങളും എല്ലാപേക്കും അറിയാം. ഹെൻടിഎഡ്മണ്ട് എന്നഗ്രന്ഥകാരനെ ഉല്ലരിച്ചുകൊണ്ട് Prime Minister ഒൻപതുമസക്കാലത്തെ സംഗതികളും പറഞ്ഞതുപോലെതന്നെ ൻ മാസക്കാലം കൊച്ചുകൊച്ചിയിൽ ആവശ്യമില്ലാത്ത ര മന്ത്രിമാരുടെ ഭരണം നടന്നു. ഏതാനുംവകുപ്പുകളും കൈമാറാംചെയ്തിട്ടില്ലെങ്കിൽകൂടി ആ മഹാനുഭാവൻ നിശ്ചയിച്ച ക്യാബിനറ്റ്പദ്ധതിയനുസരിച്ചു ആവകുപ്പുകളുംകൂടി കൈകാര്യം ചെയ്തതു അവർതന്നെയാണു്. ദിവാൻജിയായിരുന്ന ക്യാബിനറ്റിന്റെ പ്രസിഡെണ്ടു എങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തിനു പ്രാമാണ്യംഇല്ലാതെ മന്ത്രിമാരുടെ ഭൂരിപക്ഷാഭിപ്രായത്തിനു പ്രസിഡൻ റ തലകുനിച്ചുകൊണ്ടു് അങ്ങിനെ നമ്മളുടെ നേതൃമ്മാനുന്മാരുടെ ഭരണംതന്നെയാണ ഈ ൻ മാസക്കാലവും നടന്നതു്. ഫ്രഫഫ ചിങ്ങം ഫ-ാംന്ദ-മുതൽ ഫ്രഫഫ കർക്കടകം ഫവ-ാംന്ദ-വരെ ഉണ്ടായിരുന്ന ആ ഭരണസമ്പ്രദായത്തിൽനിന്നു അണുപോലും വ്യത്യാസപ്പെട്ടിട്ടുണ്ടോ ഫ്രഫഫ കർക്കടകം ഫവ-ാംന്ദ-ത്തെ ആ സംഭവത്തിനുശേഷമുള്ള ഭരണമെന്നാണു ഞാൻചോദിക്കുന്നതു്? നിമ്മ്രസരബുദ്ധികൾപറയും ഇല്ല എന്നു്. ആ സന്ദേശകത്താവുപോലും അവിടുന്നു് പരിപൂർണ്ണ ഉത്തരവാദിത്വഭരണമാണു തരുന്നതെന്നു ആ സന്ദേശത്തിൽ പറഞ്ഞിട്ടില്ല. അതുപറഞ്ഞിട്ടില്ലെന്നുതന്നെയല്ല, അങ്ങിനെ അല്ലെന്നുകൂടി ആ സന്ദേശത്തിൽ വ്യക്തമായിപ്രസ്താവിച്ചിട്ടുമുണ്ടു്. എന്റെറഓമ്മശക്തിശരിയാണെങ്കിൽഅവിടത്തെസന്ദേശത്തിൽ "It is proposed to transfer all departments of Administration other than Police, Jails, State forces, Devaswams, Palace and one or two more. ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നതു്. എന്നാൽ അടുത്തവാചകത്തിൽ പറയുന്നുണ്ടു് കൈമാറാം ചെയ്തിട്ടില്ലെങ്കിൽകൂടി ആ വകുപ്പുകളുടെ ഭരണവും ഒരു മന്ത്രിയിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്നു്. അതു ഈ നിയമസഭയോടു ഉത്തരവാദിത്വമുള്ള മന്ത്രിയായിരിക്കും എന്നു അവിടുന്നു ആ സന്ദേശത്തിൽ കല്പിച്ചിട്ടില്ലെന്നു അതു വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. Prime Minister ഇവിടെ പറഞ്ഞു,സർ, സകലവകുപ്പുകളുടേയും ഭരണം ഈ നിയമസഭയോടു ഉത്തരവാദിത്വമുള്ള മന്ത്രിമാരിലാണു കർക്കടകം ഫവ-ാംന്ദ-ക്കുശേഷം നിക്ഷിപ്തമായിരിക്കുന്നതെന്നു്. എന്നാൽ അങ്ങിനെഒരുവ്യാഖ്യാനം ആ സന്ദേശത്തിനുകൊടുക്കാൻ വഴിയുള്ളതായി ഞാൻ കാണുന്നില്ല. പോലീസു്, ജയിൽ, സ്റ്റേറ്റ്ഫോർസു് ഈ വകുപ്പുകൾ ഭരിക്കുന്ന എന്റെ മാന്യസ്നേഹിതൻ ക്ഷത്രന്തരകാര്യമന്ത്രി ശ്രീ. ടി. കെ. നായർ അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യംകൊണ്ടു ഒരുപക്ഷെ ആവകുപ്പുകളിലുള്ള വീഴ്ചകളെ വിമർശനം ചെയ്തതിന്റെ ഫലമായി ഉണ്ടാകുന്നതീർപ്പനുസരിച്ചു് അതിനെ ബഹുമാനിച്ചു് രാജിവെക്കുമായിരിക്കാം. അതു അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യംഎന്നല്ലാതെ കോൺസ്റ്റിറ്റ്യൂഷനലായി അങ്ങിനെ ചെയ്യണമെന്നു അർത്ഥവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിനു അങ്ങിനെചെയ്യാൻ ഇഷ്ടമില്ലെങ്കിൽ അദ്ദേഹത്തിനെ അതിൽ കുറ്റപ്പെടുത്താൻ പാടില്ല. അപ്പോൾ ഞാൻ പറയുന്നതു മഹാരാജാവുതിരുമനസ്സിൽനിന്നു പരിപൂർണ്ണഉത്തരവാദിത്വഭരണം കൊച്ചിയിലെ ജനങ്ങൾക്കുകൊടുത്തിട്ടില്ല എന്നാണു്. അതുകൊണ്ടു ഞാനിപ്പോൾ എത്തിച്ചേർന്നിരിക്കുന്നതു ഒരു വിഷമസ്ഥിതിയിൽ, ഒരുപരിതാപകരമായനിലയിലാണെന്നു പറയാതെ തരമില്ല. ഈ പ്രമേയത്തിൽ പറയുന്നവാക്കുകളെ പരിശോധിക്കാം. എനിക്കു അതുഭംഗിയായി തർജ്ജിമചെയ്യാൻ സാദ്ധ്യമല്ല.അതുകൊണ്ടു അതു ഇംഗ്ലീഷിൽതന്നെ വായിക്കാം.

ഇതിൽ പറയുന്ന പലേഭാഗങ്ങളും അക്ഷരംപ്രതി ശരിയായിട്ടുള്ളതാണു്. "With the dawn of independence for India" ഇതിലാക്ഷേപമില്ല. "His Highness graciously granted" ഇതും ആക്ഷേപിക്കാൻ വഴിയുള്ളതല്ല. അവിടത്തെ സന്നനസു് കൊണ്ടല്ലാതെ ആരുടെയെങ്കിലും വൈദഗ്ദ്ധ്യം കൊണ്ടാണു് ആ സന്ദേശം നിയമസഭയ്ക്കു കിട്ടാൻ സാധിച്ചതെന്നു വിചാരിക്കാൻ തക്ക മൌഢ്യം എനിക്കില്ല. ആ സന്ദേശം വഴി ഞാൻ മുമ്പു പറഞ്ഞമാതിരി പരിപൂർണ്ണഉത്തരവാദിത്വഭരണം ജനങ്ങളിലേയ്ക്കു പകർന്നുവെന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷെ ഈ പ്രമേയത്തിൽ പറയുന്ന മാതിരി "Full responsible Government" എന്ന ആകാംക്ഷ പറഞ്ഞു തിരുമേനിയെ അഭിനന്ദിക്കുക എന്നുവെച്ചാൽ അതു ആത്മവഞ്ചന ചെയ്യുക എന്ന കുറ്റത്തിനു തലകുനിച്ചു സമാധാനം പറയേണ്ടതായിവരും. മഹാപാപങ്ങളിൽ വെച്ചു വലിയ പാപമാണു ആത്മവഞ്ചന. (ഹിയർ, ഹിയർ) അങ്ങിനെ ആത്മവഞ്ചനചെയ്യാൻ ഒരുക്കമില്ലാത്ത എനിക്കു ഈ പ്രമേയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന സംഗതിയെ പിന്താങ്ങി സംസാരിക്കാൻ നിവൃത്തിയില്ല. അതാണുപരിതാപകരമായ സംഗതി എന്നുപറഞ്ഞതു്. കൊച്ചിരാജ്യത്തിലെ ഒരു പ്രജയാ ൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നവനാണു ഞാൻ. ഇങ്ങിനെയുള്ള ഒരു മഹാരാജാവിന്റെ കാലത്തു, ര ഒ രൂപാകൊടുത്തു അന്യരാജ്യക്കാരെപ്പോലും കൊച്ചിക്കാരനാകാൻ കഴിയുന്ന ഇക്കാലത്തു, ഈ പ്രമേയത്തിൽ പറയുന്ന അസത്യങ്ങളെ പരിപൂർണ്ണമായി പിന്താങ്ങി സംസാരിക്കാൻ കഴിയാത്തതിൽ ഞാൻ പരിതപിക്കുന്നു. ഈ പ്രമേയത്തിൽ പറയുന്ന സംഗതി ഉത്തരവാദിത്വഭരണത്തിന്റെ കാരണഭൂതനായ ആ മഹാത്മാവു ഒരിക്കലും സമ്മതിക്കാത്ത വിഷയമായതുകൊണ്ടു ഞാൻ ഈ പരിതാപകരമായ നിലയെ ശിരസാവഹിച്ചുകൊണ്ടു ആ ഭാഗത്തോടു യോജിക്കാൻ നിവൃത്തിയില്ലെന്നു പ്രഖ്യാപിച്ചു കൊള്ളുന്നു. എന്നാൽ ഈ പ്രമേയത്തിൽ കൊള്ളിച്ചിട്ടില്ലാത്തതും തിരുമനസ്സിലെ സന്ദേശത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ ആ-സംഗതി, അതായതു കുറെക്കാലമായി ഇവിടത്തെ സർവ്വീസ് ഇന്നത്തെ നിലയിൽ എത്തിച്ചേരുന്നതിനിടയാക്കിയ ആസ്റ്റാഫ് സെലക്ഷൻബോർഡു തീരെ നശിപ്പിച്ചു അതിന്റെ സ്ഥാനത്തു ഒരു സർവ്വീസ്സുകമ്മീഷൻ വെയ്ക്കുന്നുവെന്നും അങ്ങിനെവെയ്ക്കാനുള്ള കാരണമെന്താണെന്നും പറഞ്ഞിട്ടുള്ള ആ ഒരു സംഗതിക്കുവേണ്ടിയായിരുന്നു ഈ നന്ദിപ്രകടനമെങ്കിൽ ഇതിനെപ്പറ്റി മറ്റാരേയുംകാൾമുമ്പ് ഞാൻ പിന്താങ്ങി സംസാരിക്കുമായിരുന്നു. അതുകൊണ്ടു സർ, ഞാൻ പറയുന്ന പരിപൂർണ്ണഉത്തരവാദിത്വഭരണം പ്രജകൾക്കു തിരുമനസ്സുകൊണ്ടു ആ മഹൽസന്ദേശംവഴി വിട്ടതന്നില്ല എന്നു്. അതിനാൽ പരിപൂർണ്ണഉത്തരവാദിത്വഭരണം ആഗസ്റ്റ് ൧൫-ാംനു- നമ്മൾക്കു വിട്ടതന്നുവെന്നു ആത്മവഞ്ചന ഉൾക്കൊള്ളുന്ന ഈ പ്രമേയത്തെ പിന്താങ്ങാൻ വഴികാണുന്നില്ല. ഇനി ഏതെങ്കിലും തരത്തിൽ ഉത്തരവാദിത്വഭരണം നമ്മൾക്കുകിട്ടീട്ടുണ്ടോ എന്നു നോക്കിയാൽ ഞാൻ മുമ്പുപറഞ്ഞ സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ സ്ഥാനത്തു നിശ്ചയിച്ചിട്ടുള്ള സർവീസ്കമ്മീഷൻ സിക്രട്ടറിയായി നിയമിച്ചു, ഒരു മജിസ്ട്രട്ടിന്റെ സ്ഥാനത്തിരിക്കുന്ന ആ മാന്യൻ, അദ്ദേഹത്തിനു ഇതുവരെ തന്റെ പുതിയസ്ഥാനം ചാർജ്ജുടക്കാൻ കഴിഞ്ഞിട്ടില്ലെന്നു ഞാൻ അറിയുന്ന വിവരം ശരിയാണെങ്കിൽ, ഈ ഉത്തരവാദഭരണത്തിന്റെ പൊള്ള എത്രയാണു് എന്നു് വെളിപ്പെടുത്തുന്നുണ്ടു്. ഈ സർവീസ്കമ്മീഷനു് പ്രസിഡെണ്ടിനെക്കാളും അതിലെ അംഗങ്ങളേക്കാളും കാര്യനടപ്പിനു അത്യാവശ്യം സെക്രട്ടറിയാണു്. ആ സെക്രട്ടറിക്കു് രണ്ടുമാസക്കാലമായിട്ടും ചാർജ്ജുടക്കാൻ കഴിയാത്ത ഒരു പരിതസ്ഥിതിയാണു ഇന്നത്തെ ഉത്തരവാദഭരണത്തിന്റെ, അതായതു, ജൂഡീഷ്യറി ഇപ്പോൾ അങ്ങോട്ടു മാറ്റിട്ടുള്ളതുകൊണ്ടുള്ള ഫലം എന്നുവെച്ചാൽ എന്താണു സർ, ഈ ഉത്തരവാദഭരണത്തിന്റെ യോഗ്യത എന്നു ഞാൻ ചോദിക്കുന്നു. ഇതിൽനിന്നു രക്ഷിക്കേണേ എന്നു ദേവാനോടു പ്രാർത്ഥിക്കുകയല്ലാതെ എന്താണു വഴിയെന്നു ഞാൻ ചോദിക്കുന്നു. എന്റെസ്നേഹിതൻ ആത്മവഞ്ചന ചെയ്യുവെന്നു ഞാൻ പറയുന്നില്ല, അദ്ദേഹംവിശ്വസിക്കുന്നുണ്ടാകാം, നമ്മൾക്കുകിട്ടീട്ടുള്ളതു പരിപൂർണ്ണ ഉത്തരവാദിത്വഭരണമാണെന്നു. അങ്ങിനെ അദ്ദേഹം വിശ്വസിക്കുന്നിടത്തോളം കാലം അദ്ദേഹത്തിന്റെ പ്രമേയം കൊണ്ടുവന്നതരത്തിൽ തന്നെ വേണം.

അതുകൊണ്ടു സർ, മഹാരാജാവുതിരുമനസ്സുകൊണ്ടു സ്ഥാനാരോഹണം ചെയ്ത ആ തിയ്യതിമുതൽ അവിടന്നുചെയ്തിട്ടുള്ള മഹൽക്കാര്യങ്ങളെക്കുറിച്ചു നമ്മൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ടതാണു്. എന്നാൽ അദ്ദേഹംചെയ്തിട്ടില്ലാത്ത ഒരു കാര്യത്തിനുവേണ്ടി അഭിനന്ദനം അയക്കുന്നതിനെപ്പറ്റി അദ്ദേഹം എങ്ങിനെ വിചാരിക്കുമെന്നു അറിഞ്ഞുകൂടാ. ഞാൻ പ്രസംഗം ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. എനിക്കു പറയാനുള്ളതു മുഴുവനുംപറഞ്ഞു കഴിഞ്ഞു. മഹാരാജാവുതിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂർ ഐക്യകേരളമഹാസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു ചെയ്തപ്രസംഗത്തിൽ അരുളിചെയ്തതുപോലെ നമ്മൾക്കുപരിപൂർണ്ണ ഉത്തരവാദിത്വഭരണം നൽകാൻ അവിടുക്കു് സാധിക്കും, അതു നമ്മൾക്കു അവിടത്തെ കൈകൊണ്ടുതന്നെ കിട്ടാൻ ഭാഗ്യമുണ്ടാകും.

പിന്നെ, ഇന്നു കിട്ടീട്ടുള്ള ഭരണപരിഷ്കാരം പിടിച്ചുപറിച്ചുവെന്നു ഒരു മാന്യൻ ഇവിടെ പറയുകയുണ്ടായി. പിടിച്ചു പറിച്ചുവെന്നു പറയുന്നതു് വെറും മിഥ്യാപ്രചരണമാണു്. നിങ്ങൾ പിടിച്ചുപറിച്ചുവെന്നു് പറയുന്നതു് വിശ്വസിച്ചിരുന്ന ഇടതുപക്ഷക്കാർ, ഇപ്പോൾ നിങ്ങളെ വിട്ടുപോയിട്ടുള്ള ഞങ്ങൾ, രാജ്യത്തെ മൈതാനത്തിൽ മീറ്റിംഗ് കൂടി നിങ്ങളുടെ ചെയ്തികളെ കുറിച്ചു് പറയുന്നതെ

LIBRARY ARCHIVES Kerala Legislative Assembly

[Mr P. Kumaran Ezhuthasan]

ന്തെന്നും, അതു അവിടെ കൂടുന്ന ജനങ്ങൾ സ്വീകരിക്കുന്നതെങ്ങിനെയാണെന്നും, ശരിയായ റിപ്പോർട്ടുകൾ കിട്ടുന്നുവെങ്കിൽ നിങ്ങൾക്കു അതു മനസ്സിലാക്കാൻസാധിക്കും. Prime Minister പറയുകയുണ്ടായി "ഞങ്ങൾക്കു വീഴ്ചകളുണ്ടാകാം" എന്നു്. വീഴ്ചകളുണ്ടാകാം. അതു് മനുഷ്യസഹജമാണു്. പക്ഷെ അതു് മനപ്പൂർവ്വമായിരിക്കരുതു്. അദ്ദേഹം പറഞ്ഞതു പരിപൂർണ്ണ ഉത്തരവാദിത്വഭരണമാണു് കിട്ടീട്ടുള്ളതു് എന്നു്. എന്നാൽ കിട്ടീട്ടുള്ളതു് പരിപൂർണ്ണ ഉത്തരവാദിത്വഭരണമല്ലെങ്കിലും, നൽകീട്ടുള്ളതുതന്നെ അസ്ഥാനത്തായിപ്പോയി എന്നു തോന്നിക്കാതെ, അതിനു യോഗ്യമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിനുവേണ്ടി ഹൃദയപൂർവ്വം പരിശ്രമിക്കണമെന്നും, ഒരു നേരത്തെ ആഹാരത്തിനുള്ള അരിയെങ്കിലും നൽകാനുള്ള റേഷൻ വല്ലിപ്പിച്ചിക്കുന്നതിനു അല്പനാഴിക മറയ്ക്കാനുള്ള തുണിക്കുവേണ്ടി പുതിയ രീതിയിലുള്ള തുണിവിതരണപരിഷ്കരണപദ്ധതിയനുസരിച്ചു് രണ്ടു നാഴിക നടന്നുചെന്നു് അവസാനം സ്റ്റോക്കില്ലെന്ന മറുപടി കേട്ടു മടങ്ങിപ്പോകാതെയിരിക്കത്തക്ക പരിഷ്കാരം വരുത്തി, ഇൻഡ്യാ ഗവർമ്മെണ്ടിൽനിന്നു് കോടാട്ട വല്ലിപ്പിച്ചുകിട്ടുമെന്നു് പ്രസംഗപീഠങ്ങളിൽ നിന്നുൽഘോഷിക്കാതെ, ഫലഭൂയിഷ്ഠമായ ഭൂമിയുള്ള കൊച്ചിയിലെ കൃഷിസ്ഥലം വേണ്ടപോലെ ഉപയോഗിച്ചു സ്വയം പര്യാപ്തമായ ഒരു കൊച്ചിയെ സൃഷ്ടിയ്ക്കാൻ— അതിനു നിങ്ങൾക്കു കഴിവുണ്ടെന്നു എനിക്കറിയാം; ആ കഴിവു നിങ്ങളുപയോഗിക്കണം— നിങ്ങളോടഭ്യർത്ഥിച്ചുകൊണ്ടും, ഈ പ്രമേയത്തെക്കുറിച്ചു ഇങ്ങിനെ പ്രസംഗിക്കാൻ നിബ്ബന്ധിതനായതിൽ തന്നത്താൻ പരിതപിച്ചുകൊണ്ടും,ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

* മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ പ്രമേയത്തെ പിന്താങ്ങി പ്രസംഗിക്കാൻ ഞാനും ആഗ്രഹിക്കുന്നു. കൊച്ചി അടുത്ത കാലമായി ഭരണപരിഷ്കാരംകൊണ്ടു വളരെയധികം പുരോഗമിച്ചിട്ടുണ്ടെന്ന സംഗതിയെപ്പറ്റി ആർക്കെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നുതോന്നുന്നില്ല. ഈ പ്രമേയത്തെപ്പറ്റി അത്ര അധികം പരിതപിക്കാൻ ബദ്ധകങ്കണന്മാരായി വരുന്ന മാന്യർക്കുപോലും ഈ വിഷയത്തിൽ പരിതാപത്തിന്നിടയുണ്ടാകുമെന്നു് ഞാൻ വിശ്വസിയ്ക്കുന്നില്ല. ഈ കഴിഞ്ഞ ബഡ്ജറ്റ്സമ്മേളനത്തിൽ ഇൻഡ്യ സ്വതന്ത്രയാകുന്നതോടുകൂടി ഭരണാധികാരം പരിപൂർണ്ണമായി ഈ നിയമസഭയ്ക്കു് നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മഹാരാജാവു തിരുമനസ്സിനെ അറിയിക്കുന്നതിനു് ബഡ്ജറ്റ് വിമർശനവേളയെ ഞാൻ ഉപയോഗിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ മിസ്റ്റർ കുമാരനെഴുത്തച്ഛൻ പറയുന്നമാതിരി അദ്ദേഹത്തിന്റെ അഭിപ്രായത്തിനു തക്കവിധത്തിൽ അദ്ദേഹം നമ്മെ ധരിപ്പിക്കാൻ ബദ്ധപ്പെടുന്നതുപോലെതന്നെ പരിപൂർണ്ണ ഉത്തരവാദിത്വഭരണം നമ്മൾക്കു കിട്ടിയിട്ടില്ലെന്നതന്നെയിരുന്നാലും, ഈ കിട്ടിയിരിക്കുന്ന ഭരണപരിഷ്കാരം ഈ നിയമസഭയുടെ അധികാരാർത്തിയിൽപെട്ടിട്ടുള്ള ഭരണാധികാരമാണെന്നും അതു പരിപൂർണ്ണമായിതന്നെ കിട്ടിയിരിയ്ക്കുന്നു എന്നും പറയാതെ തരമില്ല. അതു് അങ്ങിനെയല്ലെന്നവരുത്താൻ ഒരു ഒഴുപ്പാഖ്യാനക്കസർത്തു നടത്താതെ, അതിൽ തനിക്കു പരിതാപമുണ്ടെന്ന സംഗതി മറച്ചു വെയ്ക്കാതെ ചിന്തിയ്ക്കുന്നപക്ഷം നിയമസഭയ്ക്കു ചർച്ചചെയ്യാൻ അധികാരമുള്ള എല്ലാ ഭരണകാര്യങ്ങളും, എല്ലാ ഭരണാധികാരങ്ങളും പരിപൂർണ്ണമായി നിയമസഭയ്ക്കു കിട്ടിയിരിയ്ക്കുന്നുവെന്ന സംഗതി ആർക്കും വിസ്മരിയ്ക്കാൻ നിവൃത്തിയില്ല. പരമാർത്ഥം ഇതാണു്. ചില സംഗതികൾ നിയമസഭയ്ക്കു വെളിയിലുണ്ടു്. അവ ഭരിയ്ക്കുന്നതിനുള്ള ചുമതല നിയമസഭയോടു ഉത്തരവാദിത്വമുള്ള ഒരു മന്ത്രിയുടെ കയ്യിൽ കൊടുത്തിട്ടില്ലെന്നു വേണമെങ്കിൽ പറയാം. കാരണം ആ വിഷയങ്ങൾ എല്ലിച്ചുപ്പോൾ അതു മന്ത്രിയെ എല്ലിച്ചു എന്നല്ല, ശ്രീമാൻ ടി. കെ. നായരെ എല്ലിച്ചുവെന്നാണു് പറഞ്ഞിരിയ്ക്കുന്നതു്. മന്ത്രി എന്ന പദം അതിൽ കാണുന്നില്ല. അതുകൊണ്ടു നിയമസഭയ്ക്കു പുറത്തുള്ള ആ വകുപ്പുകളുടെ അധികാരം നിയമസഭയ്ക്കു കിട്ടീട്ടില്ലെന്നുപറയാം. പക്ഷെ, ഈ നിയമസഭയോടു ഉത്തരവാദിത്വമുള്ള ഒരാൾ മന്ത്രി എന്നപേരിലൊ അല്ലാതേയൊ ആ വകുപ്പുകളുടെ ഭരണാധികാരം എല്ലുന്നപക്ഷം ആ ആൾക്കു ഇവിടെ മന്ത്രി ആയിരിയ്ക്കുണമെങ്കിൽ ആ വകുപ്പുകളുടെ കാര്യങ്ങളിലും കുറെയൊക്കെ നിയമസഭയോടു ഉത്തരവാദപ്പെടേണ്ടതുണ്ടു്. കുറെ എന്നു ഞാൻ പറഞ്ഞതു് ആ വകുപ്പുകളുടെ കാര്യം ഈ നിയമസഭയിൽ കൊണ്ടുവരാൻ അധികാരം ഇല്ലാത്തതുകൊണ്ടാണു്. ആ വിഷയങ്ങളെ സംബന്ധിച്ചു എന്തെങ്കിലും ചോദിക്കാൻ നമ്മൾക്കധികാരമില്ല.

---

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: ഉണ്ട്. പട്ടാളം, പോലീസ്, ജയിൽ മുതലായ ഡിപ്പാർട്ട്മെണ്ടുകൾ.

മിസ്റ്റർ. പി. കെ. ഡീവർ: ഞാൻ അതല്ല പറയുന്നത്. അതു മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ കഷ്ടമാണെന്നെ പറയാനുള്ളൂ. ഞാൻ പറഞ്ഞതു് നിയമസഭയുടെ അധികാരത്തിനു പുറത്തുള്ള ബഡ്ഡറ്റ് ഇനങ്ങളെപ്പറ്റിയാണു്. അതിനെപ്പറ്റി ഈ നിയമസഭയിൽ പറയാൻ അധികാരമില്ല. അതു് മന്ത്രി ടി. കെ. നായരെയല്ല,. മിസ്റ്റർ ടി. കെ. നായരെയാണു് എല്പിച്ചിരിക്കുന്നതു്. ആ ഓർഡറിൽ മന്ത്രി എന്ന പദമില്ല. അതു അത്ഗർഭമാണു്. അതുംകൂടി കിട്ടിയാലെ ഉത്തരവാദിത്വഭരണം പൂർണ്ണമാകയുള്ളുവെന്നാണു് പറയുന്നതെങ്കിൽ അതിനോടു ഞാനും യോജിക്കുന്നു. അതുംകൂടി കിട്ടിയിട്ടുണ്ടു് എന്നുദ്ദേശിച്ചു. അതുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണു് ഈ പ്രമേയകർത്താവു് പരിപൂർണ്ണ ഉത്തരവാദിത്വഭരണം എന്നു പറഞ്ഞിട്ടുള്ളതെങ്കിൽ ആ കാര്യത്തിൽ ഞാനും ഇതിനെ എതിർത്ത ആ മാന്യമെംബറോടൊപ്പം വ്യസനിക്കാൻ തയ്യാറാണു്. പക്ഷെ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ രാഘവൻ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം എന്നു പറയുമ്പോൾ ദേവസ്വം മുതലായി നിയമസഭക്കു പുറത്തുനില്ക്കുന്ന ആ വകുപ്പുകളെപ്പറ്റി അല്പംപോലും ആലോചിച്ചിട്ടില്ലെന്നും, അതു നിയമസഭയ്ക്കു പുറത്തുള്ളതാണെന്നും, അതിന്റെ ഭരണാധികാരം നിയമസഭയ്ക്കു കിട്ടീട്ടില്ലെന്നു് അദ്ദേഹത്തിനു അറിയാമെന്നും, അതുകൊണ്ടു് ആത്മവഞ്ചനയെപ്പറ്റി അദ്ദേഹത്തിനു ആലോചിക്കേണ്ടതായിട്ടതന്നെ വന്നിട്ടില്ലെന്നും, ഒരുപക്ഷെ ഇതിനെ എതിർത്ത ആ ബഹുമാന്യമെംബറെപോലെ അതു ആത്മവഞ്ചനയിൽ അദ്ദേഹം എത്തീട്ടില്ലാത്തതുകൊണ്ടു് അതിനെക്കുറിച്ചു പരിതപിക്കാൻ വഴിയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, ഈ നിയമസഭയോടു ഉത്തരവാദപ്പെട്ട എല്ലാ വിഷയങ്ങളുടേയും അധികാരം പ്രയോഗത്തിൽ വരുത്തിയതായി നമ്മെ അറിക്കുകിട്ടീട്ടുള്ള മഹാരാജാവു തിരുമനസ്സിലെ സന്ദേശം എന്റെ സ്നേഹിതൻ മുഴുവനും ഇവിടെ വായിക്കുമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ അദ്ദേഹം ചിലവാചകങ്ങൾ മാത്രമേ ഉദ്ധരിച്ചുള്ളു. വളരെ പ്രധാനമായ ഒരു വാചകം—അദ്ദേഹം ആത്മവഞ്ചനചെയ്യുവെന്നു് പറയുന്നില്ല, ഒരുപക്ഷെ, പരവഞ്ചനയാണെന്നു തോന്നുകിലും തോന്നുന്നുണ്ടെങ്കിൽ അവർപറഞ്ഞുകൊള്ളട്ടെ-മനഃപൂർവ്വം അദ്ദേഹം അതു പറയാതെയിരുന്നതാണെന്നു എനിക്കുതോന്നി. മഹാരാജാവു തിരുമനസ്സിലെ സന്ദേശത്തിൽനിന്നു പലതും എടുത്തു അതിന്റെയൊക്കെ അർത്ഥം വ്യാഖ്യാനിക്കാൻ ആഗ്രഹിച്ച അദ്ദേഹം ആ വാചകംകൂടി എടുത്തുപറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ആ വാചകം മാറ്റിവെയ്ക്കാൻ അദ്ദേഹത്തിനുണ്ടായ പ്രേരണ അനന്യലഭ്യമാണു്. മഹാരാജാവു തിരുമനസ്സുകൊണ്ടു് പറഞ്ഞിട്ടുണ്ടു് യഥാർത്ഥത്തിൽ ഉത്തരവാദിത്വഭരണം തന്നിട്ടുണ്ടു് എന്നു്. അദ്ദേഹം പറഞ്ഞിട്ടുള്ളതു നിയമസഭയ്ക്കു് ഏതെല്ലാം സംഗതികളെപ്പറ്റി ആലോചിക്കാനധികാരമുണ്ടോ അതിൽ ചില വകുപ്പുകൾ നിയമസഭയ്ക്കു കൊടുക്കാതെ നിയമസഭയോടുത്തരവാദിത്വമില്ലാത്ത ആളുടെ ചുമതലയിൽ അതായതു് ദിവാൻജിയിൽ വെച്ചുകൊണ്ടിരുന്നു, അതു ഇപ്പോൾ മാറ്റിയിരിക്കുന്നു എന്നാണു്. എനിക്കു മനസ്സിലാകുന്നില്ല പോലീസു മുതലായ വകുപ്പുകൾ റിസർവ്ഡാക്കിവെച്ചിരിക്കുന്നുവെന്നതിലുള്ള ആക്ഷേപം. പക്ഷെ പ്രായോഗികതയിൽ അങ്ങിനെ വരുന്നില്ല. നിയമസഭയോടു ഉത്തരവാദിത്വമുള്ള ഒരു മന്ത്രിയുടെ ഭരണത്തിനു ഈ റിസർവ്ഡ് വകുപ്പുകൾ കൊടുക്കുമെന്നു ആ സന്ദേശത്തിൽ പറഞ്ഞിട്ടുണ്ടു്. നിയമസഭയോടു ഉത്തരവാദിത്വമില്ലാത്ത ഒരു മന്ത്രി ഇവിടെയുണ്ടാകാൻ വഴിയില്ല. ഉണ്ടെന്നു എന്റെ മാന്യസ്നേഹിതനും പറയുമെന്നു് തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: നിങ്ങളോടു പറഞ്ഞിട്ടും കാര്യമില്ല.

മിസ്റ്റർ പി. കെ. ഡീവർ: കാര്യമുള്ളതു പറയുന്നതു് മനസ്സിലാക്കാൻ ബുദ്ധിശക്തിയുള്ളവരോടു പറഞ്ഞിട്ടു കാര്യമില്ല. നിയമസഭയുടെ അധികാരത്തിൽപ്പെട്ട എല്ലാ വകുപ്പുകളും ഇന്നു ജനപ്രതിനിധികളുടെ ഭരണത്തിനു വിട്ടുകിട്ടീട്ടുണ്ടു്. ആഭ്യന്തരകാര്യമന്ത്രി ശ്രീമാൻ ടി.കെ.നായരെയാണു് റിസർവ്ഡ് വകുപ്പുകളെ ഏല്പിച്ചിരിക്കുന്നതു്. ഈ വിഷയങ്ങളെപ്പറ്റി നിയമസഭയ്ക്കു് അധികാരമില്ലെന്നു പറയാൻ പാടില്ലാത്തതരത്തിൽ നിയമസഭയോടു ഉത്തരവാദിത്വമുള്ള ഒരാളാണു് അദ്ദേഹം. പക്ഷെ, വേണമെങ്കിൽ ഈ ആളിനോടു ഈ നിയമസഭയ്ക്കു വിശ്വാസമില്ലാതെ ആയാൽ ദേവസ്വം പാലസ് എന്നീ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

(Mr. P. Kumaran Ezhuthassan.)

കും അദ്ദേഹത്തിനുതന്നെ ഭരിക്കാൻ സാധിക്കും. എന്നാൽ പോലീസ് മുതലായ വകുപ്പുകളെ സംബന്ധിച്ചിടത്തോളം അതല്ല സ്ഥിതി. പരിപൂർണ്ണമായ ഉത്തരവാദിത്വ ഭരണം എന്നു പറയുമ്പോൾ നിയമസഭയ്ക്കു വിചിന്തനംചെയ്യാൻ അധികാരമുള്ള എല്ലാ വകുപ്പുകളും അതായത് ഫ്രഞ്ച്-ഇന്ത്യ-യിലെ മഹാരാജാവു തിരുമേനിയുടെ സന്ദേശംകൊണ്ടു നമ്മൾക്കു സിദ്ധിച്ചിരിക്കുന്നുവെന്ന അർത്ഥത്തിലാണ് മഹാരാജാവു തിരുമനസ്സിനെ അഭിനന്ദിക്കുന്ന ഈ പ്രമേയം വീക്ഷിക്കേണ്ടതെന്നു ഞാൻ എന്റെ മാന്യസ്നേഹിതനോടു പറഞ്ഞുകൊള്ളുന്നു. ഈ സംഗതിയെപ്പറ്റി അദ്ദേഹം ചിന്തിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പരിതാപാവസ്ഥയിൽനിന്നു അദ്ദേഹം രക്ഷപെടുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, കൊച്ചിയ്ക്കു ഇന്നു രണ്ടു വലിയനേട്ടങ്ങളാണു കരഗതമായിട്ടുള്ളതു്. ഒന്നാമതായി മഹാരാജാവുതിരുമേനി അവിടത്തെ സന്ദേശംമൂലം ആവത്തിച്ചാവത്തിച്ചു പ്രസ്താവിച്ചിരിക്കുന്ന ഞാൻ ഒരു വ്യവസ്ഥാപിത ഭരണാധികാരിയായിരിക്കാനാണു് ആഗ്രഹിക്കുന്നതു് എന്നു്. അതാണു് നമ്മൾക്കേറ്റവും വലിയ നേട്ടമെന്നു ഞാൻ കണക്കാക്കുന്നതു്. ഒരു വ്യവസ്ഥാപിതഭരണാധികാരി എന്നു കേൾക്കുമ്പോൾ നമ്മളുടെ ശ്രദ്ധ, നമ്മൾ ഭാരതമെന്ന ചിത്രം, ബ്രിട്ടീഷ് രാജാവിന്റേതാണു്. ആ നിലയിൽ ഒരു വ്യവസ്ഥാപിതഭരണാധികാരിയായിരിപ്പാൻ മഹാരാജാവു തിരുമേനി സമ്മതിച്ചിരിക്കുന്നുവെന്നതാണു് വലിയൊരു നേട്ടം. രണ്ടാമതു്, ഉത്തരവാദിത്വഭരണം നമ്മൾക്കു തന്നിരിക്കുന്നുവെന്നതാണു്. ഇന്നത്തെ മഹാരാജാവു തിരുമനസ്സിലെ സന്ദേശംകൊണ്ടുമാത്രം ഈ രാജ്യത്തിൽ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം സ്ഥാപിച്ചുവെന്ന വ്യാമോഹത്തിൽ ഞാൻ എത്തി എന്നുപറയാം. വാസ്തവത്തിൽ വ്യവസ്ഥാപിതഭരണാധികാരവും ഉത്തരവാദഭരണവും നമ്മളുടെ ചെയ്തികൊണ്ടു് നാം സാധിക്കേണ്ടിയിരിക്കുന്നു എന്നു് വിശ്വസിക്കുന്ന ആളാണു് ഞാൻ.

മന്ത്രിമാരുണ്ടാകുന്നതിനു മുമ്പുതന്നെയും, പാർശ്വികങ്ങളായ ഉത്തരവാദിത്വ ഭരണം ഈ രാജ്യത്തിലെ ജനങ്ങൾക്കു് തരുന്നതിനു മുമ്പുതന്നെയും ഇവിടത്തെ മഹാരാജാക്കന്മാർ വ്യവസ്ഥാപിത രാജാക്കന്മാരായിരുന്നുവെന്നു അവകാശപ്പെടാനുള്ള അവകാശം അവർക്കുണ്ടായിരുന്നു. കാരണം, ദിവാൻജിമാരുടെ ഉപദേശമനുസരിച്ചു് ഭരണം നടത്തിയിരുന്ന രാജാക്കന്മാർപോലും ദിവാൻജിമാരുടെ അഭിപ്രായങ്ങൾക്കെതിരായി ഭരണം നടത്തിയിരുന്നില്ല. ദിവാൻജിമാരാകട്ടെ ജനങ്ങളുടെ അഭിപ്രായമാരാഞ്ഞു് അതനുസരിച്ചാണു് മഹാരാജാക്കന്മാരെ ഉപദേശിച്ചിരുന്നതും. ദിവാൻജിമാരുടെ അഭിപ്രായത്തിനെതിരായി സാധാരണ മഹാരാജാക്കന്മാർ പ്രവൃത്തിക്കാറില്ല. ദിവാൻജിമാർ ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു് വേണ്ട ഉപദേശം കൊടുക്കണമെന്നതായിരുന്നു നിർദ്ദേശം. ആ സമ്പ്രദായത്തിനു് ഇടക്കാലത്തു മാറ്റം വന്നിട്ടുണ്ടാകാം. എന്നാൽ ദിവാൻജിമാരുടെ അഭിലാഷങ്ങൾക്കു എപ്പോൾ മഹാരാജാക്കന്മാർ എതിർനില്ക്കുന്നുവോ അപ്പോൾ ദിവാൻജിമാർ അതിനു കീഴ്വഴങ്ങുകയല്ല; നേരെ മറിച്ചു് അവർ രാജിവെച്ചു പോകുകയാണു് ചെയ്തിട്ടുള്ളതു്. പക്ഷെ, മഹാരാജാക്കന്മാർക്കു ദിവാൻജിമാരുടെ അഭിപ്രായം സ്വീകാര്യമല്ലാതെ വന്നാൽ, അതു പുനരാലോചനയ്ക്കുള്ള അവസരം കൊടുത്തു് അഭിപ്രായത്തിൽ വ്യത്യാസം വരുത്തുകയല്ലാതെ ദിവാൻജിമാരുടെ അഭിപ്രായം ധിക്കരിച്ചുകൊണ്ടു മുകളിൽനിന്നു കല്പനകളുണ്ടായിട്ടുള്ളതായി ഏതാണ്ടു് ഒരു പത്തുകൊല്ലം മുമ്പു മുതൽ നമ്മുടെ രാജ്യത്തിലില്ലാതെ ആയിട്ടുണ്ടെന്നു തീർച്ചയായും പറയാം. വ്യവസ്ഥാപിതഭരണാധികാരിയെന്ന നിലയിൽ ബ്രിട്ടീഷു രാജാവിനെ ഒഴിച്ചാൽ പിന്നീടുണ്ടായ ആദ്യത്തെ രാജാവു നമ്മുടെ മഹാരാജാവാണെന്നു ലോകത്തെ ബോദ്ധ്യപ്പെടുത്താനുള്ള ഒരു ചുമതലയാണു് നമ്മൾക്കിനിയുള്ളതു്. ആ ചുമതല മന്ത്രികക്ഷികൾക്കെന്നപോലെ മറ്റു കക്ഷിക്കും ഉണ്ടെന്നു ഞാൻ അവരെ അനുസ്മരിപ്പിക്കുന്നു.

അതുകൊണ്ടു് അങ്ങിനെയുള്ള ഒരു സ്ഥിതി നമ്മുടെ രാജ്യത്തിൽ വന്നുചേരത്തക്കവിധത്തിൽ, ഇന്നത്തെ ഭരണം സമ്പൂർണ്ണമായ ഉത്തരവാദിത്വഭരണമാകത്തക്കവിധത്തിൽ ഈ നിയമസഭ പ്രവർത്തിക്കുന്നപക്ഷം തീർച്ചയായും ഇന്നു നമ്മൾക്കു കിട്ടീട്ടുള്ള ഉത്തരവാദിത്വഭരണം പരിപൂർണ്ണ ഉത്തരവാദിത്വഭരണമല്ലെന്നു് ആർക്കും പറയാൻ കഴിയുകയില്ല. ഇന്നു് ഉത്തരവാദിത്വഭരണം കിട്ടീട്ടുള്ള രാജ്യങ്ങളുടെ ചരിത്രം നോക്കിയാൽ നടപ്പുകൊണ്ടും, പതിവുകൊണ്ടും അവർ ആ രാജ്യത്തിൽ ജനകീയഭരണം സ്ഥാപിച്ചുവരിക്കുന്നതായി കാണാം. തീർച്ചയായും അത്തരത്തിലുള്ള പതിവുകളും നടപ്പുകളും ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

ശരിയായ, പരിപൂർണ്ണമായ, ഉത്തരവാദിത്വഭരണമാക്കിത്തീർക്കാൻ നമ്മൾക്കു കഴിയുന്നതാണു്. നമ്മുടെ മഹാരാജാവിനെ ബ്രിട്ടീഷു രാജാവിനെപോലെ വ്യവസ്ഥാപിത ഭരണാധികാരിയാക്കിയിരുത്താൻ നമ്മൾക്കു സാധിക്കുന്നതാണു് എന്നു ഞാൻ ഈ അവസരത്തിൽ പറയുന്നു. ഭരണാധികാരികൾ ഏതു കക്ഷിയിൽപെട്ട ആളുകളെന്നല്ല നോക്കേണ്ടതു്. അവർക്കല്ല, ജനങ്ങൾക്കാണു ഭരണാധികാരം തന്നിരിക്കുന്നതെന്നും, ആ അധികാരത്തിനെ ന്തെങ്കിലും കുറവുകളുണ്ടെങ്കിൽ നമ്മളൊന്നിച്ചുനിന്നു് ഏകസ്വരത്തിൽ അതിനുവേണ്ടി പ്രവൃത്തിക്കയാണു വേണ്ടതു് എന്നും എന്റെ മാന്യ സ്നേഹിതന്മാരെ അനുസ്മരിപ്പിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റാഫ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. എനിക്കുള്ള അഭിപ്രായത്തെ ഈ നിയമസഭയുടെ മുമ്പാകെ വെക്കാതിരുന്നാൽ അതു് യഥാർത്ഥത്തിൽ എന്റെ മനസ്സാക്ഷിക്കു വിരോധമായ ഒന്നായിരിക്കുമെന്നുള്ളതുകൊണ്ടു് രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മഹാരാജാവു തിരുമേനിയെ അനുമോദിക്കേണ്ടതാണു്. പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം ഇവിടത്തെ പതിനഞ്ചു ലക്ഷത്തോളം വരുന്ന ജനസഞ്ചയത്തിനു് അവശ്യമാണു്. അതു് വാങ്ങുകതന്നെ വേണം. അതു് ഓരോ പടിയായി നമുക്കു കൈവന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഈ പ്രമേയത്തെ പരിപൂർണ്ണ ഉത്തരവാദഭരണം നമുക്കു കിട്ടിയെന്നും ആ പരിപൂർണ്ണ ഉത്തരവാദഭരണം ഇവിടത്തെ ജനങ്ങൾക്കു പ്രദാനംചെയ്തതിൽ മഹാരാജാവു തിരുമേനിയെ അനുമോദിക്കുന്നതുമായ ഈ പ്രമേയത്തെ എനിക്കു് അല്പം ചില അഭിപ്രായവ്യത്യാസത്തോടുകൂടിയാണു് സ്വാഗതം ചെയ്യുവാൻ മനസ്സുവരുന്നതു്. പരിപൂർണ്ണ ഉത്തരവാദഭരണം ഇന്നിവിടെ ജനങ്ങൾക്കു പ്രദാനംചെയ്തു. ഇവിടത്തെ ജനങ്ങൾ അതനുഭവിക്കുന്നു എന്നു പറയുമ്പോൾ യഥാർത്ഥത്തിൽ ഇന്നു ജനങ്ങളുടെ പ്രതിനിധികൾ എന്നു് അഭിമാനിക്കുന്ന ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്നാട്ടിലെ ജനങ്ങളെ അല്പം കളിയാക്കുകയല്ലെ എന്നുകൂടി ഞാൻ സംശയിക്കുന്നു. നമ്മുടെ പ്രധാനമന്ത്രി മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്സു് കോൺഫറൻസിൽ വെച്ചു് എല്ലാവരും അറിയത്തക്കവിധത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് പ്രായോഗികമായി ഉത്തരവാദഭരണം നമുക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും നിയമപരമായി, നിയമംകൊണ്ടു് അവകാശപ്പെടാവുന്ന തരത്തിൽ, പരിപൂർണ്ണ ഉത്തരവാദഭരണം നമുക്കു കിട്ടിയിട്ടില്ല എന്നാണു്. അതു് ഇനിയും കിട്ടുവാനിരിക്കുന്നു എന്നാണു് അദ്ദേഹത്തിന്റെ പ്രസ്താവനകൊണ്ടു നമുക്കു മനസ്സിലാകുന്നതു്. അപ്പോൾ എങ്ങിനെയാണു് പരിപൂർണ്ണ ഉത്തരവാദഭരണം കിട്ടിയെന്നു മഹാജനങ്ങളെ വിശ്വസിപ്പിക്കുന്നതു്? പരിപൂർണ്ണ ഉത്തരവാദഭരണമാണു് നാമിന്നു അനുഭവിക്കുന്നതു് എന്നു ആരെങ്കിലും പറയുകയാണെങ്കിൽ തീർച്ചയായും അതു് ആത്മവഞ്ചനയായിരിക്കും ചെയ്യുന്നതെന്നാണു് എന്റെ അഭിപ്രായം. പോരാ, പതിനഞ്ചു ലക്ഷത്തോളംവരുന്ന ഇന്നാട്ടിലെ ജനങ്ങളെ വഞ്ചിക്കുകയാണു ചെയ്യുന്നതു് എന്നുകൂടി ഞാൻപറയുന്നു. പരിപൂർണ്ണ ഉത്തരവാദഭരണം പ്രദാനം ചെയ്യുവാനുള്ള സന്മനസ്സു് മഹാരാജാവു തിരുമനസ്സിലേക്കുണ്ടെന്നും അവിടന്നു് ഒരു വ്യവസ്ഥാപിത ഭരണാധികാരിയായിരിക്കുവാനാണു് വിചാരിക്കുന്നതെന്നുമുള്ള ആ പ്രഖ്യാപനത്തെ സഹർഷം സ്വാഗതം ചെയ്യുവാൻ, ആ കാര്യത്തിൽ മഹാരാജാവു തിരുമേനിയെ അനുമോദിക്കുവാൻ, എനിക്കു വളരെ താല്പര്യമുണ്ടു്. തിരുമേനി അധികം താമസിയാതെ തന്നെ അവിടത്തെ പ്രജകൾക്കു പരിപൂർണ്ണ ഉത്തരവാദഭരണം അനുവദിച്ചുകൊടുക്കുന്നതാണെന്നു വാശ്ചത്തംചെയ്തിരിക്കുന്നതുകൊണ്ടു് അതിനുള്ള നടപടികൾ എടുത്തു തുടങ്ങിയിരിക്കുന്നതുകൊണ്ടു്, ഇവിടെ നിയമത്തിലും പ്രയോഗത്തിലും പരിപൂർണ്ണ ഉത്തരവാദഭരണം അനുഭവിക്കത്തക്കവിധത്തിൽ — സമഭാവസുന്ദരമായ, എല്ലാ ജനങ്ങൾക്കും സ്വാതന്ത്ര്യത്തോടുകൂടി വളരുവാനും ജീവിക്കുവാനുമുള്ള എല്ലാ കഴിവുകളുമുണ്ടെന്നു യഥാർത്ഥത്തിൽ നാമെല്ലാം സ്വപ്നം കാണുന്നവിധത്തിലുള്ള—പരിപൂർണ്ണ ഉത്തരവാദഭരണം നമുക്കു അടുത്തുതന്നെ കിട്ടുമെന്നും അതിനായി നാമേവരും പരിശ്രമിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട സഭയേയും പൊതുജനങ്ങളേയും അറിയിച്ചുകൊള്ളുന്നു. പരിപൂർണ്ണ ഉത്തരവാദഭരണത്തിന്റെ ഏതാനും പടികൾ നമുക്കു പ്രദാനംചെയ്തതു മഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെയാണു്. ആ മഹാമനസ്കതയ്ക്കു അവിടത്തെ പ്രജകൾ അഭിനന്ദിക്കേണ്ടതാണു്. അഭിനന്ദിക്കുന്നുണ്ടു്. നമ്മുടെ അയൽരാജ്യങ്ങളായ തിരുവിതാംകൂർ, മൈസൂർ മുതലായ രാജ്യങ്ങളിൽ ഉണ്ടായതുപോലെ രക്തച്ചൊരിച്ചിലും വെടിയുണ്ടകളും കൂടാതെ നമ്മുടെ ഭരണകൂടം അലങ്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. A. Mohamed Ashrof]

രിക്കുന്ന പ്രജാവത്സലനും മഹാമനസ്സുനമായ തിരുമേനിയുടെ ബുദ്ധിവൈഭവത്താൽ ജനങ്ങളുടെ അവകാശം വകവെച്ചുകൊടുക്കുവാൻ സന്മനസ്സുണ്ടായ തിരുമേനിയെ എല്ലാവരും അനുമോദിക്കുന്നതാണു്, പരിപൂർണ്ണ ഉത്തരവാദഭരണത്തിന്റെ ഏതാനുംപടി അതായതു് ന്യൂനക്കു് തൊണ്ണൂറിരമ്പതും നമുക്കു കിട്ടി. ഇനിയുള്ള ഒരു പടിയും കിട്ടും. അതിനു തിരുമേനിയെ ഉപദേശിക്കുവാനുള്ള ചുമതല നമ്മുടെ മന്ത്രിപുംഗവന്മാക്കും ബഹുമാനപ്പെട്ട ഈ സഭക്കുമാണു്. ആ ഉപദേശം എന്നു തിരുമനസ്സിലേക്കു കൊടുക്കുന്നുവോ അന്നു പരിപൂർണ്ണ ഉത്തരവാദഭരണം, നിയമത്തിലും പ്രയോഗത്തിലും എല്ലാ കപാളിഫിക്കേഷൻസുമടങ്ങിയ ഉത്തരവാദഭരണം, നമുക്കു തിരുമനസ്സുകൊണ്ടു പ്രദാനം ചെയ്യും. അടുത്തുതന്നെ പരിപൂർണ്ണ ഉത്തരവാദഭരണം കൊടുക്കുന്നതാണെന്നു മഹാരാജാവു തിരുമനസ്സുകൊണ്ടു് വാശത്തം ചെയ്തിട്ടുണ്ടു്. അതു അടുത്ത ഭാവിയിൽതന്നെ വാങ്ങിക്കേണ്ട ചുമതല നമുക്കുണ്ടു്. അതുകൊണ്ടു് പരിപൂർണ്ണ ഉത്തരവാദഭരണം കിട്ടിയെന്നുദ്ദേശിച്ചു് വെറുതെയിരിക്കാതെ ബാക്കിയുള്ള ഒരു ഭാഗവും കൂടി കിട്ടുവാനായി തിരുമേനിയെ ഉപദേശിക്കുകയും നാം ആവശ്യപ്പെടുകയും ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. തീച്ചയായും തിരുമനസ്സുകൊണ്ടു് അതു് തരുന്നതുമാണു്. തിരുമനസ്സിലെ സന്മനസ്സിനെ അഭിനന്ദിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, നമുക്കു കിട്ടിയിട്ടുള്ള ഉത്തരവാദഭരണത്തെ സംബന്ധിച്ചു രണ്ടുവാക്കു പറയുവാനുള്ള സന്ദർഭം കിട്ടിയതിനു പ്രമേയാവതാരകനെയാണു് ഞാൻ ആദ്യമായി അഭിനന്ദിക്കുന്നതു്. വാസ്തവത്തിൽ നമുക്കു ഇന്നു കിട്ടിയിട്ടുള്ള ഉത്തരവാദഭരണം പരിപൂർണ്ണമായ ഉത്തരവാദഭരണമാണെന്നു എത്രതന്നെ ന്യായങ്ങളും യുക്തികളും ഉദ്ധരിച്ചുകൊണ്ടു് അതെല്ലാം സമർത്ഥിച്ചാലും അങ്ങിനെ സമ്മതിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതു പരിപൂർണ്ണ ഉത്തരവാദഭരണമാണെന്നു പറയുമ്പോൾ എനിക്കതിനെസംബന്ധിച്ചു പറയുവാനുള്ളതു് അവർ വാസ്തവത്തിൽ ഉത്തരവാദഭരണത്തിന്റെ പ്രാഥമികമായ തത്വം തന്നെ മറന്നുകളയുന്നു എന്നാണു്. ഫ്രഞ്ചു മുതലുള്ളാണു് കറേശ്ശകറേശ്ശയായി നമുക്കു മഹാരാജാവു തിരുമനസ്സുകൊണ്ടു് ഉത്തരവാദഭരണം തന്നുതുടങ്ങിയതു്. ഇക്കഴിഞ്ഞ ബജറ്റ് ഫ്രഞ്ചും ഏതാനും ഡിപ്പാർട്ട്മെണ്ടുകളും അതായതു് പോലീസ്, സ്റ്റേറ്റ്ഫോഴ്സ്, ജയിൽ മുതലായ പ്രധാനപ്പെട്ട ഡിപ്പാർട്ട്മെണ്ടുകളും Reserved ആക്കിനിർത്തിക്കൊണ്ടാണു് ഉത്തരവാദഭരണം അനുവദിച്ചിട്ടുള്ളതെന്നുള്ള സംഗതി എല്ലാ ആളുകൾക്കും അറിയാവുന്നതാണു്. പ്രായോഗികമായി ഈ ഉത്തരവാദഭരണം പരിപൂർണ്ണ ഉത്തരവാദഭരണമാണെന്നു പറയുകയാണെങ്കിൽ പോലീസ്, സ്റ്റെയറ്റഫോഴ്സ്, ജയിൽ ഈ ഡിപ്പാർട്ട്മെണ്ടുകളും Reserved ആയിരിക്കുന്നിടത്തോളം കാലം ആ വകുപ്പുകളുടെ ഭരണത്തെ നിയന്ത്രിക്കുവാനോ അതിൽ വരുന്നതായിട്ടുള്ള കുറവുകളെ നികത്തുവാനോ അല്ലെങ്കിൽ ആ വകുപ്പുകളെ സംബന്ധിക്കുന്ന ഭരണത്തെ സംബന്ധിച്ചു് ശരിയായ അഭിപ്രായം രേഖപ്പെടുത്തുവാനൊ ഉള്ള അവകാശം ഈ നിയമസഭക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങിനെ എന്നും ഗവർമ്മെണ്ടിന്റെ ഭരണയന്ത്രം സുവ്യക്തമായി നിലകൊള്ളുവാൻ പര്യാപ്തമായ വകുപ്പുകളും Reserved ആയിരിക്കുന്നിടത്തോളംകാലം ആ വകുപ്പുകളെ സംബന്ധിച്ചു് നിയമസഭക്കു പൂർണ്ണാധികാരം ഇല്ലാതിരിക്കുന്നിടത്തോളം കാലം ഇവിടെ പരിപൂർണ്ണ ഉത്തരവാദഭരണമാണെന്നഭിമാനിക്കുന്നതു് മിഥ്യയല്ലെ എന്നു ഞാൻ ബലമായി സംശയിക്കുന്നു. വാസ്തവത്തിൽ പരിപൂർണ്ണ ഉത്തരവാദഭരണമാണെന്നു പറയുവാൻ എനിക്കു സാധിക്കുന്നതല്ല. മഹാരാജാവിന്റെ സന്ദേശത്തിലും പരിപൂർണ്ണ ഉത്തരവാദഭരണമാണെന്നു പറഞ്ഞിട്ടുമില്ല. എങ്കിലും മഹാരാജാവു തിരുമനസ്സിലെ ലക്ഷ്യം ഏറെ താമസിയാതെ കൊച്ചിക്കു പരിപൂർണ്ണ ഉത്തരവാദഭരണം നൽകണമെന്നുള്ളതാണു് എന്നു് തിരുമനസ്സുകൊണ്ടു അസന്നിശ്ചമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുണ്ടു്. അതുകൊണ്ടുതന്നെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും ഇപ്പോൾ കിട്ടീട്ടുള്ളതു് പരിപൂർണ്ണ ഉത്തരവാദഭരണമല്ല എന്നു്. ഏതാനും ചില വകുപ്പുകളുടെ ഭരണം കടിഞ്ഞാണില്ലാത്ത കുതിരകളെ പോലെ പോകുന്നു എന്നുള്ളതാണു് വാസ്തവത്തിൽ വളരെ പരിതാപകരമായ സംഗതി. മഹാരാജാവു തിരുമനസ്സുകൊണ്ടു് നൽകിയിട്ടുള്ള ഉത്തരവാദഭരണം അദ്ദേഹം വളരെ സന്മനസ്സോടുകൂടി തന്നിട്ടുള്ളതാണു്. അടുത്തുതന്നെ അതു പൂർണ്ണത പ്രാപിക്കുമെന്നു നമുക്കു തികച്ചും വിശ്വസിക്കാവുന്നതാണു്. അദ്ദേഹത്തിൽ സന്മനസ്സിനെ ചോദ്യംചെയ്യുകയല്ല ഇന്നിവിടെ നടക്കുന്ന വിമർശന

LIBRARY ARCHIVES Kerala Legislative Assembly

ങ്കൊണ്ട് ചെയ്യുന്നതു്. മഹാരാജാവു് തിരുമനസ്സുകൊണ്ടു് പരിപൂർണ്ണ ഉത്തരവാദഭരണം തരുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ആ നിലക്കു അദ്ദേഹത്തിന്റെ സന്മനസ്സിനെ എത്രതന്നെ പുകഴ്ത്തിയാലും മതിയാകുന്നതല്ല. ഈ അഭിപ്രായങ്ങളോടു കൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. എ. ച്ചു്. സുലൈമാൻ: സർ, പരിപൂർണ്ണമായ ഉത്തരവാദഭരണം ലഭ്യമായി എന്നുള്ളതിനെപ്പറ്റി പറയുന്ന ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോടു ഞാൻ യോജിക്കുന്നില്ല. പൂർണ്ണമായ ഉത്തരവാദഭരണത്തിലേക്കുള്ള പല പടികളും നാം കടന്നിരിക്കുന്നു. ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു് നമ്മുടെ മഹാരാജാവു തിരുമനസ്സു ഇൻഡ്യയിലെ മറ്റു നാട്ടരാജാക്കന്മാരെക്കെല്ലാം മാതൃകയായി വിരാജിക്കുന്നു; നമ്മുടെ ജനപ്രതിനിധിസഭ മറ്റു ജനപ്രതിനിധിസഭകൾക്കെല്ലാം മാതൃകയായി വിരാജിക്കുന്നു. അതു പ്രകാരംതന്നെ നമ്മുടെ രാജ്യം മറ്റു നാട്ടരാജ്യങ്ങൾക്കെല്ലാം മഹത്തായ ഒരു മാതൃകയായി പരിലസിക്കുന്നു. അതേസമയംതന്നെ പരിപൂർണ്ണമായ ഉത്തരവാദഭരണത്തിലേക്കു നമ്മൾ എത്തിച്ചേർന്നിരിക്കുന്നു എന്ന അഭിപ്രായത്തോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അതിനെസംബന്ധിച്ചു് പല പ്രാസംഗികന്മാരും ഇവിടെ സമർത്ഥിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്റെ അടുത്തിരിക്കുന്ന മാന്യ സ്നേഹിതൻ തന്റെ ഗീർവ്വാണസമൃദ്ധമായ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനോടു യോജിക്കുവാൻ സാധിക്കാതെവന്നതിൽ എനിക്കു വ്യസനമുണ്ടു്. ഇന്നു രാജ്യത്തിലേക്കു കണ്ണോടിച്ചുനോക്കുന്നപക്ഷം പലവിധത്തിലുള്ള ആക്ഷേപങ്ങളും അവശതകളും നമുക്കു കാണുവാൻ കഴിയും. അതു വിളിച്ചുപറയുന്നുണ്ടു് പരിപൂർണ്ണമായ ഉത്തരവാദഭരണം ജനങ്ങൾക്കു സിദ്ധിച്ചിട്ടില്ലെന്നു് പക്ഷെ മഹാരാജാവുതിരുമനസ്സുകൊണ്ടു് ജനങ്ങൾക്കു അതു കൊടുക്കുവാൻ സന്നദ്ധനാണു്. ആ നിലയിലാണു് നമുക്കു മഹാരാജാവു തിരുമനസ്സിനെ അനുമോദിക്കേണ്ടതു്. ഇന്നു പലതരത്തിലുള്ള അവശതകൾ സമുദായം അനുഭവിക്കുന്നുണ്ടു്. അതേസമയം ജനങ്ങൾ അവരുടെ അവശതകളുടെ ദൂരീകരണത്തിന്നും അധികാരത്തിന്നും വേണ്ടി പ്രക്ഷോഭണം കൂട്ടുന്നുമുണ്ടു്. ഈവക സംഗതികൾ വിളിച്ചുപറയുന്നുണ്ടു് നാമെല്ലാവരും അനുഗ്രഹിക്കുന്നവിധത്തിലുള്ള പരിപൂർണ്ണ ഉത്തരവാദഭരണം നമുക്കു ലഭ്യമായിട്ടില്ലയെന്നു്. അടുത്ത ഭാവിയിൽതന്നെ മഹാരാജാവു തിരുമനസ്സിൽനിന്നു നമുക്കു അതു കരഗതമാകുമെന്നു വിശ്വസിക്കാം. ഈ കരഭിപ്രായത്തോടുകൂടിമാത്രമേ നമുക്കു ഈ പ്രമേയത്തെ വീക്ഷിക്കുവാൻ തരമുള്ളൂ. ഈ പ്രമേയത്തോടു പരിപൂർണ്ണമായി യോജിക്കുവാൻ നിവൃത്തിയില്ലെങ്കിലും മഹാരാജാവു തിരുമനസ്സിലെ സന്മനസ്സിനു അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. President : Shall I put the motion to the House? I shall read the resolution—"This Council places on record its deep sense of gratitude and the gratitude of the people for Cochin to His Highness Sri Kerala Varma, our beloved Maharaja, in having graciously granted full Responsible Government to the peoples of the State with the dawn of independence for India".

Resolution put and carried

4. ADJOURNMENT MOTIONS

Mr. President: I have received a number of adjournment motions from Mr. P. Kumaran Ezhuthassan. Nine motions are in his name. These motions were handed over to me a few minutes beforethe Council began this morning. I have not decided upon the admissibility as yet.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I handed them at 12 minutes past 11.

Mr. President : When there is a batch of adjournment motions like this, it would be very helpful to the President if they are given sufficiently early.

Mr. P. Govinda Menon *(Ernakulam)*: Is there no limit to the number?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: The Prime Minister is going up.

Mr. President : When any Hon'ble Member brings a number of adjournment motions, it would be very helpful to the Chair if they are presented sufficiently early in order to enable the Chair to take up the matter at once. This is only a suggestion. No member is obliged to do like that. Anyway I shall deal with these adjournment motions tomorrow, so also an adjournment motion from Mr. M. I. Paul. Then before this, one adjournment motion has been received and that also not very much earlier from Mr. S. S. Koder namely

LIBRARY ARCHIVES Kerala Legislative Assembly